# LAITY VOICE

2013 OCTOMBER VOLUME: 4 NO: 4 E-mail: laityvoice@gmail.com



## നിരീശ്വരവാദികൾ സ്വന്തം മനഃസാക്ഷിയെ അനുസരിക്കുക: മാർപാപ്പ

റോം: ഒരുപാടു പേരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകാൻ ഫ്രാൻസീസ് ഒന്നാമൻ മാർപാപ്പ സമയം കാണുന്നു. അക്കൂട്ടത്തിൽ ഒരു അവിശ്വാസിയുടെ 2500 വാക്കുകൾ വരുന്ന കത്തിനും മറുപടി നൽകി പത്രത്തിലൂടെ പരസ്യമായി. ദൈവത്തിന്റെ കാരുണ്യത്തിന് അതിരുകളില്ലെന്ന വാദമാണ് മാർപാപ്പ ഇതിൽ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. അവിശ്വാസി എന്ന് സ്വയം വിശേഷിപ്പിക്കുന്ന സ്കാൽഫാരിയാണ് മാർപാപ്പയോട് ചോദ്യങ്ങൾ ഉന്നയിച്ചത്. ദൈവത്തിൽ വിശ്വാസമില്ലെങ്കിൽ വേണ്ട, പക്ഷേ സ്വന്തം മനഃസാക്ഷിയിൽ വിശ്വാസം വേണം. അതിനെ അനുസരിക്കുകയും വേണം. മറുപടിയിൽ മാർപാപ്പ വ്യക്തമാക്കുന്നു. ക്രൈസ്തവ വിശ്വാസികൾ നിരീശ്വരവാദികളുമായി ഗൗരവമേറിയ ചർച്ചകളിൽ ഏർപ്പെടണമെന്നും അദ്ദേഹം പറയുന്നു.

## നവീകരിക്കപ്പെടുന്ന വേദിയായി കുടുംബങ്ങൾ മാറണം

### ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണിക്കുളങ്ങര

ഫരീദാബാദ്: കുടുംബ നവീകരണത്തിനായി സഭയുടെ വിശ്വാസത്തിലും ചൈതന്യത്തിലും കുടുംബാംഗങ്ങൾ ഒന്നിച്ചു പരിശ്രമിക്കണമെന്നും പരസ്പരം തിരുത്തി നവീകരിക്കപ്പെടുന്ന ഒരു വേദിയായി കുടുംബങ്ങൾ മാറണമെന്നും ഫരീദാബാദ് രൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണിക്കുളങ്ങര.



ഫരീദാബാദ്-ഡൽഹി രൂപത മാതൃജ്യോതിസ്-വനിതാഫോറം കൺവൻഷൻ നോയിഡ അസ്സീസി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയുടെ അടിസ്ഥാന ഘടകമായ കുടുംബങ്ങളിൽ മാതാപിതാക്കന്മാർ മാതൃകകളും വാക്കുകളും വഴി തങ്ങളുടെ മക്കൾക്ക് നല്ലപാഠങ്ങൾ പകർന്നുകൊടുക്കണം. കുടുംബപ്രാർത്ഥനയ്ക്ക് മുൻതൂക്കം കൊടുക്കണമെന്നും ക്രൈസ്തവ മൂല്യങ്ങളും ധാർമ്മികദർശനവും സാമൂഹ്യവീക്ഷണവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുവാനുള്ള കടമയും ഉത്തരവാദിത്വവും കുടുംബത്തിലെ അമ്മയ്ക്കാണെന്നും മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര സൂചിപ്പിച്ചു.

ജസ്റ്റിസ് കുര്യൻ ജോസഫ്, സിസ്റ്റർ സുമ എസ്.ഡി., സിസ്റ്റർ ജോ മരിയ തുടങ്ങിയവർ “സ്ത്രീ ശാക്തീകരണം” എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി 700 ഓളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

ഫരീദാബാദ് രൂപതാ മാതൃജ്യോതിസ് ഡയറക്ടർ ഫാ.വർഗ്ഗീസ് മൂഞ്ഞേലി, പ്രസിഡന്റ് സിസ്റ്റർ മേഴ്സി, വൈസ് പ്രസിഡന്റ് ഷീലാ റപ്പായി, സെക്രട്ടറി റോസമ്മ ജോർജ്, ജോയിന്റ് സെക്രട്ടറി സെലിൻ മാത്യു, ട്രഷറർ രാജി സിബിച്ചൻ, എക്സ് ഒഫിഷ്യോ സെലീനാ വിൻസന്റ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## നിഷേധവോട്ട്: രാഷ്ട്രീയ രംഗത്തെ ശുദ്ധീകരിക്കും

### സീറോ മലബാർ സഭ അല്മായ കമ്മീഷൻ

ജനാധിപത്യ പ്രക്രിയയിലെ പൊതുതെരഞ്ഞെടുപ്പിൽ, മത്സരരംഗത്തുള്ള സ്ഥാനാർത്ഥികളോട് താല്പര്യമില്ലെങ്കിൽ നിഷേധവോട്ട് രേഖപ്പെടുത്തുവാൻ പൗരന് അവസരമൊരുക്കുന്ന സുപ്രീംകോടതി വിധി സ്വാഗതാർഹമാണെന്നും ജനാധിപത്യ സംവിധാനത്തിന്റെ അന്തസ്സുയർത്തുവാൻ ഇതുപകരിക്കുമെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

പൊതുതെരഞ്ഞെടുപ്പിൽ രാഷ്ട്രീയ നേതൃത്വങ്ങളും മുന്നണികളും സ്ഥാനാർത്ഥികളെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന പ്രവണത ഇല്ലാതാക്കുവാനും അഴിമതി നിറഞ്ഞതും അധോലോകബന്ധവുമുള്ള രാഷ്ട്രീയരംഗത്തെ ശുദ്ധീകരിക്കുവാനും ഇതവസരമൊരുക്കും. ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെടുന്ന എം.പി.മാരേയും എം.എൽ.എ.മാരേയും ഉടൻ അയോഗ്യരാക്കണമെന്ന സുപ്രീം കോടതിവിധി മറികടക്കാൻ പ്രത്യേക ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള നീക്കം ജനാധിപത്യത്തെ കളങ്കപ്പെടുത്തുന്നതും നീതിന്യായ വ്യവസ്ഥയെ പൊതുസമൂഹത്തിൽ നിസ്സാരവൽക്കരിക്കുന്നതുമാണ്. കേന്ദ്ര സർക്കാർ ഇത്തരം ശ്രമങ്ങളിൽ നിന്നും പിന്തിരിയണം. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള അവകാശം വോട്ടർമാർക്കു ലഭിക്കണം. നിയമനിർമ്മാണ സഭാംഗങ്ങളുടെ തെരഞ്ഞെടുപ്പുവിജയം കേവലം സാങ്കേതികത്തിനപ്പുറമായി ആകെ വോട്ടർമാരുടെ 50 ശതമാനത്തിൽ കൂടുതലാക്കുന്ന ഭേദഗതികൾക്കൂടി ഉൾപ്പെടുത്തി തെരഞ്ഞെടുപ്പു പ്രക്രിയയിൽ കാതലായ മാറ്റങ്ങൾ നടപ്പിലാക്കണമെന്നും അല്മായ കമ്മീഷൻ സെക്രട്ടറി വി.സി.സെബാസ്റ്റ്യൻ അഭ്യർത്ഥിച്ചു.

**ഹൈന്ദവ, മുസ്ലീം, ക്രൈസ്തവ സമൂഹങ്ങൾ ഉൾപ്പെടെ എല്ലാ മതവിശ്വാസികളും പരസ്പരം സ്നേഹവും, സൗഹൃദവും, ആദരവും കൈമാറുന്ന പുണ്യഭൂമി. പൂർവ്വികർ പങ്കുവെച്ച ആർഷഭാരത സംസ്കാരത്തിന്റെ തനിമ നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുന്ന ഇന്നിന്റെ തലമുറ. സംശുദ്ധി നഷ്ടപ്പെട്ട കക്ഷിരാഷ്ട്രീയത്തിന്റെയും, അധോലോക അധികാരത്തിന്റെയും, മൗലികവാദങ്ങളുടെയും വർഗീയ വിഘടന വാദങ്ങളുടെയും വിഷവിത്തുകൾ വിതറി നമ്മുടെയിടയിൽ ഭിന്നതകൾ സൃഷ്ടിക്കുവാൻ ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ശ്രമിക്കുന്നത് നാം തിരിച്ചറിയണം. മതമൈത്രി ഊട്ടിയുറപ്പിച്ചുകൊണ്ട്, ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ നീതി നിഷേധത്തിന്റെ നാൾവഴികൾ ഇവിടെ കുറിക്കുന്നു.**

## സർക്കാർ, ന്യൂനപക്ഷ പ്രമോട്ടർമാരുടെ നിയമനങ്ങൾ അട്ടിമറിച്ച് ക്രൈസ്തവ സമുദായത്തെ അവഹേളിക്കുന്നു

# ക്ഷേമപദ്ധതികൾ ഒരു കൂട്ടർക്ക് ആക്ഷേപങ്ങൾ ക്രിസ്ത്യാനിക്ക്

# നീതി നിഷേധം

ജാതി മത വർഗ്ഗ ചിന്തകൾക്കതീതമായി മനുഷ്യരെ ഒന്നായിക്കണ്ട് സ്നേഹം പങ്കുവെയ്ക്കുകയും സേവനം പകർന്നേകുകയും ചെയ്യുന്ന വരാണ് ക്രൈസ്തവ സമൂഹം. ഈ സമുദായത്തിന്റെ നൂറ്റാണ്ടുകളുടെ സേവന ചരിത്രത്തിന്റെ ഗുണഫലങ്ങൾ വിവിധ തലങ്ങളിൽ ഏറ്റുവാങ്ങി അനുഭവിച്ചിട്ടുള്ളവരാണ് കേരള ജനത. ഇന്നും സഭാ ശുശ്രൂഷകളുടെ ഗുണഭോക്താക്കൾ ഒട്ടനവധി.

സർക്കാർ ഉത്തരവിൽ വ്യക്തമാക്കി യിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് 1000 പ്രമോട്ടർമാരെ നേരിട്ട് നിയമിക്കാൻ ശ്രമിച്ചെങ്കിലും നിയമന ക്രമക്കേടുകൾ വിവാദമായതോടെ പത്രത്തിൽ പരസ്യം ചെയ്ത് ഉദ്യോഗാർത്ഥികളെ ക്ഷണിച്ച് നിയമനം നടത്തി. കൽപ്പറ്റ കേന്ദ്രമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ സിവിക് സർവീസ് സൊസൈറ്റി 15-5-2013 ൽ വിവരാവകാശ നിയമപ്രകാരം അപേ ഓഫീസർ 1056/എ.ഡി./2013 പ്രകാരം നൽകിയ ഔദ്യോഗിക കുറിപ്പുകളുടെ പശ്ചാത്തലത്തിൽ നിയമന മാനദണ്ഡങ്ങളും, നിർദ്ദേശങ്ങളും ന്യൂനപക്ഷ ക്ഷേമവകുപ്പ് അട്ടിമറിച്ചിരിക്കുന്നതായി വിലയിരുത്താവുന്നതാണ്. വഞ്ചനാപരമായ ഈ നടപടിക്രമത്തിലൂടെ സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷത്തെ പരസ്യമായി വെല്ലുവിളിച്ച് ആക്ഷേപിക്കുന്നു.

## —ന്യൂനപക്ഷ പ്രമോട്ടർ നിയമനങ്ങൾ റദ്ദു ചെയ്യണം —
## —ക്രൈസ്തവർക്കു വേണ്ടി സംസാരിക്കുവാൻ ആരുമില്ലാത്ത അവസ്ഥ —

സംസ്ഥാന സർക്കാർ ഉത്തരവിന്റെ മറവിൽ കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ അടച്ചാക്ഷേപിക്കുന്ന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ നീതിനിഷേധ നടപടികളോടുള്ള ഒരു ക്രൈസ്തവ വിശ്വാസിയുടെ പങ്കുവെയ്ക്കലാണ് ഈ മുഖപ്രസംഗം. ഏതെങ്കിലും സമുദായത്തെ ഉദ്ദേശിച്ചുള്ളതല്ല ഇതിലെ പരാമർശങ്ങൾ. മറിച്ച് ഞങ്ങൾക്കു പറയാനുള്ളത് സംസ്ഥാനം ഭരിക്കുന്ന സർക്കാരിനോടാണ്; സമുദായങ്ങളോടല്ല. എല്ലാ സമുദായങ്ങളെയും വളരെ ആദരവോടെയാണ് ക്രൈസ്തവ സമൂഹം കാണുന്നത്. കെടുകാര്യസ്ഥതയുടെ ഉദാഹരണമായ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ക്രൈസ്തവ വിരുദ്ധ നടപടികളിലേയ്ക്ക് വിരൽചൂണ്ടുകയാണിവിടെ.

സംസ്ഥാന സർക്കാർ, ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും പ്രമോട്ടർമാരെ നിയമിക്കുന്നതിനുമുള്ള ഭരണാനുമതി 16-06-2012 ൽ നൽകുകയുണ്ടായി. പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് നമ്പർ 5001/2012 ഉത്തരവ് പ്രകാരം 1000 ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുവാൻ അംഗീകാരവുമായി. ന്യൂനപക്ഷ വിഭാഗങ്ങളുടെ ജനസംഖ്യയ്ക്കാനുപാതികമായിട്ടായിരിക്കണം പ്രവർത്തനപരിധി നിശ്ചയിക്കേണ്ടത് എന്നും ഉത്തരവിൽ പറയുന്നു. ഒരു പഞ്ചായത്തിൽ ഒരു പ്രമോട്ടർ എന്ന നിർദ്ദേശമാണ് ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ നൽകിയിരിക്കുന്നതെന്ന്

ക്ഷിച്ച് 21-6-2013 ൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ട്രേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ

1993ലെ ഗവൺമെന്റ് നോട്ടിഫിക്കേഷൻ 816(ഇ) പ്രകാരം ഇന്ത്യയിൽ മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധർ, പാഴ്സികൾ

### Minority Promoters Appointment-Analysis

| ജില്ല | പഞ്ചായത്ത് | പ്രമോട്ടർ നിയമനം | ആകെ ജനസംഖ്യ | മുസ്ലീം ജനസംഖ്യ | % | മുസ്ലീം പ്രമോട്ടർമാർ | ക്രിസ്ത്യൻ ജനസംഖ്യ | % | ക്രിസ്ത്യൻ പ്രമോട്ടർമാർ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 73 | 55 | 3234356 | 431512 | 13 | 45 | 595563 | 18 | 10 |
| കൊല്ലം | 70 | 46 | 2585208 | 474071 | 18 | 43 | 423745 | 16 | 3 |
| പത്തനംതിട്ട | 54 | 53 | 1234016 | 56457 | 5 | 39 | 481602 | 39 | 14 |
| ആലപ്പുഴ | 73 | 50 | 2109160 | 208042 | 10 | 38 | 441643 | 21 | 12 |
| കോട്ടയം | 73 | 55 | 1953646 | 116686 | 6 | 33 | 871371 | 45 | 22 |
| ഇടുക്കി | 53 | 45 | 1129221 | 81222 | 7 | 35 | 480108 | 43 | 10 |
| എറണാകുളം | 84 | 64 | 3105798 | 451764 | 15 | 47 | 1204471 | 39 | 17 |
| തൃശൂർ | 88 | 81 | 2974232 | 488697 | 16 | 56 | 720152 | 24 | 25 |
| പാലക്കാട് | 91 | 83 | 2617482 | 703596 | 27 | 78 | 109249 | 4 | 5 |
| മലപ്പുറം | 100 | 114 | 3625471 | 2484576 | 69 | 114 | 80650 | 2 | |
| കോഴിക്കോട് | 75 | 84 | 2879131 | 1078750 | 37 | 79 | 127468 | 4 | 5 |
| വയനാട് | 25 | 28 | 780619 | 209758 | 27 | 22 | 175495 | 22 | 6 |
| കണ്ണൂർ | 81 | 99 | 2408956 | 665548 | 28 | 87 | 261019 | 11 | 12 |
| കാസർഗോഡ് | 38 | 46 | 1204078 | 413063 | 34 | 44 | 84891 | 7 | 2 |

Source: - Population 2001census.

(ശേഷം അടുത്ത പേജിൽ)

എന്നീ 5 വിഭാഗങ്ങളാണ് ന്യൂനപക്ഷ വിഭാഗമായി കണക്കാക്കപ്പെടുന്നത്. 1992-ൽ Minority Commission Act നിലവിൽ വന്നെങ്കിലും കേന്ദ്ര സർക്കാർ ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിച്ചത് 29 ജനുവരി 2006 ലാണ്. സമുദായം തിരിച്ചുള്ള രാജ്യത്തെ ന്യൂനപക്ഷ ജനസംഖ്യാ ശതമാനം ഇപ്രകാരമാണ്. മുസ്ലീം 13.4%, ക്രിസ്ത്യൻ 2.3%, സിക്ക്1.9%, ബുദ്ധർ 0.8%, പാർസി 0.007% ആകെ 18.4%, ഹൈന്ദവർ ഉൾപ്പെടെ ഇതരർ 81.6%.

## വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ കൂട്ടായ പ്രവർത്തനം അനിവാര്യം

കേരള പശ്ചാത്തലത്തിലേയ്ക്കു കടക്കാം. 2001 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,18,38619. 2011-ൽ 3,33,87677. 2011 ലെ ജനസംഖ്യയുടെ ജില്ലകൾ തിരിച്ചുള്ള കൂടുതൽ വിശദാംശങ്ങളും ലഭ്യമാണ്. സമുദായങ്ങൾ അടിസ്ഥാനമാക്കിയുള്ളവ ഔദ്യോഗികമായി ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടില്ല. സാമുദായിക വിശദാംശങ്ങൾക്കായി സർക്കാർ സംവിധാനങ്ങൾ അടിസ്ഥാനമാക്കുന്നത് 2001 -ലെ സെൻസസാണ്. ഇതിൻപ്രകാരം സമുദായങ്ങൾ തിരിച്ചുള്ള ജനസംഖ്യ ഇപ്രകാരമാണ്: ഹൈന്ദവ സമുദായത്തിലെ വിവിധ വിഭാഗങ്ങളുടെ ആകെ ജനസംഖ്യ 17,883,449(56.2%), മുസ്ലീം വിഭാഗം 7,863,842(24.7%), ക്രൈസ്തവ വിഭാഗങ്ങൾ 6,057,427 (19.02%), ജൈനർ 4,528 (0.1%), സിക്ക് 2,762, ബുദ്ധർ 2,027, മറ്റുള്ളവർ 27,339.

ന്യൂനപക്ഷങ്ങൾ എന്ന ലേബലിൽ സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ ജനസംഖ്യാനുപാതികമായി എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും അർഹതപ്പെട്ടതാണ്. 2008 വരെ സംസ്ഥാന സർക്കാർ പൊതുഭരണത്തിന്റെ ഭാഗമായിട്ടാണ് ചില പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. 1992ലെ ന്യൂനപക്ഷ കമ്മീഷൻ ആക്ടിനുശേഷം 1993ൽ ന്യൂനപക്ഷങ്ങൾ ഏതെന്നു നോട്ടിഫിക്കേഷൻ വരുകയും 2005ൽ പ്രധാനമന്ത്രി ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി 15ഇന പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്നു മുസ്ലീം വിഭാഗത്തെക്കുറിച്ചു പഠിക്കുവാൻ സച്ചാർ കമ്മീഷനെ നിയമിച്ചു. 2006ൽ സച്ചാർ കമ്മീഷൻ റിപ്പോർട്ടു സമർപ്പിച്ചു.

2008 ഏപ്രിൽ എൽഡിഎഫ് സർക്കാർ പൊതുഭരണവകുപ്പിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ചു. സച്ചാർ കമ്മിറ്റി കേന്ദ്രസർക്കാരിനു സമർപ്പിച്ച മുസ്ലീം ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ LDF സർക്കാർ പാലോളി മുഹമ്മദ്കുട്ടി കമ്മറ്റിയെ നിയമിച്ചു.

LDFസർക്കാർ ഇറക്കിയ 6 ഉത്തരവുകളിൽ 5 എണ്ണവും മുസ്ലീം സമുദായത്തിന്റെ ക്ഷേമപദ്ധതികൾ മാത്രമാണ്. 12.2.2009 ൽ ഇറക്കിയ ആറാമത്തെ ഉത്തരവ് കളക്ടേറ്റുകളിൽ ന്യൂനപക്ഷസെൽ രൂപീകരിക്കുന്നതു സംബന്ധിച്ചുള്ളതാണ്. LDF സർക്കാർ 19% വരുന്ന ക്രിസ്ത്യാനികളെ ഈ ക്ഷേമപദ്ധതികളിൽ ഒന്നിലും ഉൾപ്പെടുത്തിയിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഏതാനും ന്യൂനപക്ഷ സ്കോളർഷിപ്പുകൾ മാത്രമാണ് ഈയവസരത്തിൽ ക്രൈസ്തവ സമുദായത്തിനു ലഭിച്ചത്. തുടർന്ന് 2011 ജനുവരിയിൽ കേരളത്തിൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിച്ചു. 2013ൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷനംഗങ്ങളെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ വീതംവെച്ചെടുത്തു. ഇതുകൊണ്ട് ക്രൈസ്തവ ന്യൂനപക്ഷവിഭാഗത്തിന് ഒരു നേട്ടവുമുണ്ടായിട്ടില്ല. രജേന്ദ്ര സച്ചാർ കമ്മിറ്റി റിപ്പോർട്ട് ഒരു മതവിഭാഗത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നു. ആ വിഭാഗത്തിന് മാത്രമായി ഈ റിപ്പോർട്ടുപ്രകാരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇതു ന്യൂനപക്ഷ ക്ഷേമപദ്ധതിയാണെന്ന് കൊട്ടിഘോഷിച്ച് ക്രൈസ്തവരുൾപ്പെടെ ഇതര ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നീതി നിഷേധിക്കുന്നത് ശരിയായ നടപടിയാണെന്ന് കരുതുന്നില്ല. മറിച്ച് പരസ്യമായ ആക്ഷേപിക്കലാണ്. കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി ഏതാനും വിദ്യാർത്ഥികൾക്കു നല്കുന്ന സ്കോളർഷിപ്പുകൾ ഒഴികെ കേരളത്തിലെ UDF സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പ് നടത്തുന്ന എല്ലാ പദ്ധതികളിൽ നിന്നും ന്യൂനപക്ഷ വിഭാഗത്തിൽ സംസ്ഥാനത്ത് 44% വരുന്ന ക്രൈസ്തവ സമുദായത്തെ പ്രത്യേകിച്ച് സുറിയാനി ക്രൈസ്തവരെ ഒഴിവാക്കിയിരിക്കുന്നത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു.

## സമുദായങ്ങൾ പരസ്പരം സ്നേഹവും സൗഹാർദ്ദവും ഊട്ടിയുറപ്പിക്കണം

വിവരാവകാശ നിയമപ്രകാരം ലഭിച്ച റിപ്പോർട്ടനുസരിച്ച് സംസ്ഥാന സർക്കാർ ഇതിനോടകം 903 ന്യൂനപക്ഷ പ്രമോട്ടർമാരെയാണ് നിയമിച്ചിരിക്കുന്നത്. സമുദായം തിരിച്ചു വ്യക്തമാക്കിയാൽ 760 പേർ മുസ്ലീം സമുദായത്തിൽ നിന്നും 143 പേർ ക്രിസ്ത്യൻ സമുദായത്തിൽ നിന്നും. ശതമാനക്കണക്കിൽ പറഞ്ഞാൽ കേരളത്തിലെ ആകെ ജനസംഖ്യയുടെ 24.7ശതമാനമുള്ള മുസ്ലീം വിഭാഗത്തിന് 84.14% പ്രമോട്ടർമാർ. ആകെ ജനസംഖ്യയുടെ 19.02 ശതമാനമുള്ള ക്രിസ്ത്യൻ വിഭാഗത്തിൽ നിന്ന് 15.83% പ്രമോട്ടർമാർ. ഇതിനെ ആർക്ക് ന്യായീകരിക്കാനാവും? ജനസംഖ്യാനുപാതികമായി വിലയിരുത്തിയാൽ 1000 പ്രമോട്ടർമാരെ നിയമിക്കുമ്പോൾ 560 പേർ മുസ്ലീം വിഭാഗവും 440 പേർ ക്രൈസ്തവ വിഭാഗവും എന്നതാണ് അർഹതപ്പെട്ടത്. 103 പേർ മാത്രമായി ക്രൈസ്തവ ന്യൂനപക്ഷത്തെ സകല നിയമന മാനദണ്ഡങ്ങളും അട്ടിമറിച്ച ക്രൂരനടപടിയിൽ നിന്നു സർക്കാരിന് ഒഴിഞ്ഞുമാറാനാവില്ല.

കേരളത്തിലാകെ 978 പഞ്ചായത്തുകളും, 60 മുനിസിപ്പാലിറ്റികളും, 5 കോർപ്പറേഷനുകളുമാണുള്ളത്. സർക്കാർ ഉത്തരവിൻപ്രകാരം പഞ്ചായത്തുകളിൽ പ്രവർത്തിക്കുവാൻ ഉത്തരവാദിത്വപ്പെട്ടവരാണ് ഈ പ്രമോട്ടർ. ജില്ലകൾ തിരിച്ചുള്ള നിയമന വിശദാംശങ്ങൾ പങ്കുവെയ്ക്കട്ടെ; 100 പഞ്ചായത്തുകളുള്ള മലപ്പുറം ജില്ലയിൽ മുസ്ലീം വിഭാഗത്തിൽ നിന്ന് 114 പേരെയാണ് ന്യൂനപക്ഷ പ്രമോട്ടർമാരായി നിയമിച്ചിരിക്കുന്നത്. ജില്ലയിലെ മുസ്ലീം ജനസംഖ്യ 24,84,576, ക്രൈസ്തവർ 80,650. ക്രൈസ്തവ വിഭാഗത്തിൽ നിന്ന് ഒരു പ്രമോട്ടറെപ്പോലും നിയമിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിൽ മുസ്ലീം ക്രൈസ്തവ ജനസംഖ്യാനുപാതം 10,78,750: 1,27,468 എന്നതാണ്. 75 പഞ്ചായത്തുകളുള്ള ജില്ലയിൽ 84 പേരെ നിയമിച്ചിരിക്കുന്നു. ക്രൈസ്തവ വിഭാഗത്തിൽ നിന്നും 5 പേർ മാത്രം. വയനാട് ജില്ലയിലെ മുസ്ലീം ക്രൈസ്തവ ജനസംഖ്യാനുപാതം 2,09, 758:1,75, 495 എന്നതാണ്. 25 പഞ്ചായത്തുകളുള്ള ജില്ലയിൽ 28 പേരെ നിയമിച്ചപ്പോൾ ക്രൈസ്തവർ 6 പേർ മാത്രം. 81 പഞ്ചായത്തുകളുള്ള കണ്ണൂരിൽ 99 പേരെയും 38 പഞ്ചായത്തുകളുള്ള കാസർഗോഡ് 46 പേരെയും നിയമിച്ചപ്പോൾ ക്രൈസ്തവ സമുദായത്തെ നിസാരവൽക്കരിച്ച് പിൻതള്ളിയ സർക്കാർ സമീപനം ദുരൂഹതയേറുന്നു.

ക്രൈസ്തവ ന്യൂനപക്ഷത്തിനു മുൻതൂക്കമുള്ള ജില്ലകളിലെ നിയമനങ്ങളും അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ജനസംഖ്യയിൽ 4,31,512 മുസ്ലീമുകളും 5,95,563 ക്രിസ്ത്യാനികളുമുള്ള തിരുവനന്തപുരത്ത് 73 പഞ്ചായത്തുകളിൽ 55 പേരെ നിയമിച്ചപ്പോൾ 10 പേർ മാത്രമാണ് ക്രൈസ്തവർ. 4,74,071 മുസ്ലീമുകളും 4,23,745 ക്രിസ്ത്യാനികളുമുള്ള കൊല്ലം ജില്ലയിൽ 70 പഞ്ചായത്തുകളിലായി 46 പേരെ നിയമിച്ചപ്പോൾ 3 പേർ മാത്രമാണ് ക്രൈസ്തവർ. പത്തനംതിട്ടയിൽ 54 പഞ്ചായത്തുകളിൽ 53 പേരെ നിയമിച്ചപ്പോൾ 4,81,602 ജനസംഖ്യയുള്ള ക്രൈസ്തവ വിഭാഗത്തിൽ നിന്ന് 14 പേരും വെറും 56457 ജനസംഖ്യക്കാരിൽ നിന്നും 39 പേരും. ആലപ്പുഴ ജില്ലയിലെ മുസ്ലീം ക്രൈസ്തവ അനുപാതം 2,08,042:4,41,643 എന്നതാണ്. ജില്ലയിലെ 73 പഞ്ചായത്തുകളിൽ 50 പേരെ നിയമിച്ചപ്പോൾ 12 പേർ മാത്രമാണ് ക്രൈസ്തവർ. കോട്ടയം ജില്ലയിലെ ന്യൂനപക്ഷവിഭാഗങ്ങളിൽ 8,71,371 ക്രിസ്ത്യാനികളും 1,16,686 മുസ്ലീങ്ങളുമാണുള്ളത്. ജില്ലയിൽ 73 പഞ്ചായത്തുകളിൽ 55 നിയമനങ്ങൾ നടത്തിയിരിക്കുമ്പോൾ 22 പേർ മാത്രം ക്രൈസ്തവർ. ഇടുക്കിയിലെ നിയമനങ്ങളും ഞെട്ടിക്കുന്നതാണ്. സമുദായിക ജനസംഖ്യാപ്രകാരം 4,80,108 ക്രിസ്ത്യാനികളും 81,222 മുസ്ലീങ്ങളുമാണ് ജില്ലയിലുള്ളത്. 53 പഞ്ചായത്തുകളിൽ ഇതിനോടകം 45 പേരെ നിയമിച്ചപ്പോൾ ക്രിസ്ത്യാനകൾ വെറും 10. എറണാകുളം ജില്ലയിൽ 4,51,764 മുസ്ലീം, 12,04,471 ക്രിസ്ത്യൻ എന്നതാണ് ജനസംഖ്യ. ആകെയുള്ള 84 പഞ്ചായത്തുകളിൽ 64 പേരെ നിയമിച്ചപ്പോൾ 17 ക്രൈസ്തവർ മാത്രം.

ന്യൂനപക്ഷ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ മഹല്ല് ജമാ അത്ത് വഴി സംഘടിപ്പിക്കുവാൻ സർക്കാർ സാമ്പത്തിക സഹായം നൽകുന്ന നടപടിയും ദുരുദ്ദേശപരമാണ്. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പ്രമോട്ടർമാരുടെ നിയമനങ്ങളിൽ ക്രൈസ്തവ സമുദായത്തെ പരസ്യമായി

(ശേഷം അടുത്ത പേജിൽ)


തേജോവധം ചെയ്ത് അവഹേളിച്ചിരിക്കുന്നുവെന്നതിന് ഇതിൽപരം തെളിവുകളെന്താണ് വേണ്ടത്? സർക്കാർ ഉത്തരവുകളും വിവരാവകാശ റിപ്പോർട്ടും ഇതരവിശദാംശങ്ങളുമാണ് മേലുദ്ധരിച്ച വിവരണങ്ങൾക്കുള്ള അടിസ്ഥാനം. മാനദണ്ഡങ്ങളും സാമാന്യമര്യാദകളും ലംഘിച്ച് അധികാരത്തിന്റെ മത്തുപിടിച്ച് ഒരു ജനതയെ മുഴുവൻ അടിച്ചമർത്തി ഇല്ലായ്മ ചെയ്യാമെന്നാണ് പലരും കരുതുന്നത്. വസ്തുതകൾ മനസ്സിലാക്കി തിരുത്തലിന് സർക്കാർ തയ്യാറാകണം. സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്ക് എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും ജനസംഖ്യാനുപാതികമായി അർഹതയുണ്ട്. എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും അതു ലഭിക്കണം. പക്ഷേ ഇവിടെയിതാ ക്ഷേമങ്ങൾ മുഴുവൻ ഒരു വിഭാഗത്തിനും ആക്ഷേപങ്ങൾ ഒന്നടങ്കം ക്രിസ്ത്യാനിക്കും. ഇതു കാട്ടുനീതിയാണ്. ക്രൈസ്തവ സമുദായവും ഉണർന്നു ചിന്തിക്കുക. വോട്ടുചെയ്യാനുള്ള ഉപകരണങ്ങൾ മാത്രമായി നമ്മൾ അധഃപതിക്കണമോ? വഴിയിൽ കാണുന്നവർക്കും വാചകക്കസർത്തുകാർക്കും രാഷ്ട്രീയ നേതൃത്വങ്ങൾക്കും കൊട്ടാനുള്ള ചെണ്ടയായും തട്ടിക്കളിക്കാനുള്ള പന്തായും നമ്മൾ അധഃപതിക്കണമോ? അധികാര കേന്ദ്രങ്ങളിൽ അജണ്ടകൾ വെച്ച് സംസാരിക്കുവാൻ നമുക്കാകണം. ഇത്തരം നീതി നിഷേധത്തിനെതിരെ പ്രതികരിക്കുവാനും ശബ്ദമുയർത്തുവാനും ക്രൈസ്തവർ മാത്രമല്ല വസ്തുതകൾ പഠിക്കുന്നവർ ഒന്നടങ്കം മുന്നോട്ടുവരണം. റീത്തുകൾക്കും ആരാധനക്രമങ്ങൾക്കും അതീതമായി പൊതുവിഷയങ്ങളിൽ ഒറ്റക്കെട്ടായി നീങ്ങുവാൻ ക്രൈസ്തവർക്കും സാധിക്കണം. സാമാന്യ മര്യാദയുടെയും മാന്യതയുടെയും അതിർവരമ്പുകൾ ലംഘിക്കുന്നതാണ് ജനാധിപത്യസംവിധാനത്തിലെ ഈ സർക്കാർ നടപടി. ക്രിസ്ത്യാനികൾക്ക് ഒരു പ്രശ്നം വന്നാൽ അവനെ സംരക്ഷിക്കാവാൻ ഇന്നാരുണ്ട് എന്നത് ഒരു ചോദ്യചിഹ്നമായി വിശ്വാസിസമൂഹത്തിനിടയിൽ ഉയരുന്നത് വിവിധ സഭാ വിഭാഗങ്ങളുടെ നേതൃത്വങ്ങളും ഗൗരവത്തോടെ കാണണം. സുരക്ഷിതത്വമില്ലായ്മയും നിരന്തരമായ അവഗണനയും ക്രിസ്ത്യാനിയെ നിസംഗതനാക്കി പൊതുമേഖലകളിൽ നിന്ന് പിന്നോട്ട് വലിക്കുന്നുവെന്ന പരമാർത്ഥം അംഗീകരിക്കാതെ വയ്യ. റീത്തുകൾക്കും ആരാധന ക്രമങ്ങൾക്കുമപ്പുറം പൊതുവായ സാമുദായിക പ്രശ്നങ്ങളിൽ കൂട്ടായ ശ്രമങ്ങൾ ശക്തിപ്പെടുത്തുവാൻ നമുക്കാകുന്നില്ലെങ്കിൽ ക്രിസ്ത്യാനി കേരളത്തിൽ ചരിത്രത്തിന്റെ ഭാഗമാകുവാൻ വൈകില്ല.

**അഡ്വ.വി.സി.സെബാസ്റ്റ്യൻ,**
**ചീഫ് എഡിറ്റർ**

# ക്രിസ്ത്യാനികൾ ജർമനിയിൽ ന്യൂനപക്ഷമാകും

**ജോസ് കുമ്പിളുവേലിൽ**

ബർലിൻ: ജർമനിയിൽ ഇരുപതുവർഷംകൊണ്ട് ക്രൈസ്തവർ ന്യൂനപക്ഷമായിമാറുമെന്ന് പഠനഫലം. കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് ചർച്ചുക



ളിലെ അംഗങ്ങൾ ആകെ ജനസംഖ്യയുടെ അമ്പതുശതമാനത്തിനു താഴെയെത്തുമെന്നാണ് വിലയിരുത്തപ്പെടുന്നത്. കോൺഗ്രിഗേഷനുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നതാണ് ഇതിനുകാരണമായി ചൂണ്ടിക്കാട്ടുന്നത്.

ഇപ്പോൾ ജർമൻ ജനതയിൽ അറുപതു ശതമാനമാണ് ക്രിസ്ത്യാനികൾ. ഇതിൽ 24 മില്യൺ കത്തോലിക്കരും 23 മില്യൺ പ്രൊട്ടസ്റ്റന്റുകളും ഉൾപ്പെടുന്നു. ഇവരുടെ എണ്ണത്തിൽ പ്രതിവർഷം മരണത്തിലൂടെ മാത്രം അഞ്ചുലക്ഷത്തിന്റെ കുറവുണ്ടാകുന്നുവെന്നാണ് കണക്കാക്കുന്നത്.

2033 ആകുന്നതോടെ ജർമനിയിലെ ക്രൈസ്തവർ നാൽപ്പതു മില്യനിൽ താഴെയാകും. പ്രൊട്ടസ്റ്റന്റുകൾക്കിടയിലാണ് കൂടുതൽ വേഗത്തിൽ മതവിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതെന്നും റിപ്പോർട്ട്. ഇവരിൽ ദുഃഖവെള്ളിയാഴ്ച പള്ളിയിൽ പോകുന്നവർ നാലു ശതമാനം മാത്രമാണത്രെ.

1950–കളിൽ കത്തോലിക്കരിൽ അമ്പതുശതമാനവും പതിവായി പള്ളിയിലെ ശുശ്രൂഷകളിൽ പങ്കെടുത്തിരുന്നു. ഇപ്പോൾ ഇവർ 12.3 ശതമാനം മാത്രമാണെന്നും ജർമൻ കോൺഫറൻസ് ഓഫ് ബിഷപ്സ് തയ്യാറാക്കിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.




*ഇന്ത്യൻ കാത്തലിക് പ്രസ് അസോസിയേഷന്റെ സുവർണജൂബിലിയോടനുബന്ധിച്ചു കെസിബിസി മീഡിയ കമ്മീഷന്റെ സഹകരണത്തോടെ പാലാരിവട്ടം പിഒസിയിൽ സംഘടിപ്പിച്ച കത്തോലിക്കാ മാധ്യമപ്രവർത്തകരുടെയും പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെയും കൺവൻഷൻ, ബിഷപ് ഡോ. ജോസഫ് കരിയിൽ ഉദ്ഘാടനം ചെയ്യുന്നു. മോൺ. ജോർജ് വെളിപ്പറമ്പിൽ, മോൺ. മാത്യു എം.ചാലിൽ, റവ.ഡോ. കുര്യാക്കോസ് മുണ്ടാടൻ, ജോൺസ് വിൻസന്റ്, മോൺ. അലക്സ് വടക്കുംതല, ഫാ. അൽഫോൻസോ ഇലഞ്ഞിക്കൽ, ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, റവ.ഡോ. സ്റ്റീഫൻ ആലത്തറ, റോസി തമ്പി എന്നിവർ സമീപം.*

# ഐസിപിഎ സുവർണജൂബിലി കൺവൻഷൻ

എറണാകുളം: മാധ്യമവിദ്യാഭ്യാസം പുതിയ തലമുറയിൽ ശക്തമായി രൂപപ്പെടേണ്ടതുണ്ടെന്നു കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. ജോസഫ് കരിയിൽ പറഞ്ഞു. ഇന്ത്യൻ കാത്തലിക് പ്രസ് അസോസിയേഷന്റെ (ഐസിപിഎ) സുവർണജൂബിലി ആഘോഷത്തോടനുബന്ധിച്ചു കെസിബിസി മീഡിയ കമ്മീഷന്റെ സഹകരണത്തോടെ കേരളത്തിലെ നവമാധ്യമസംസ്കാരവും കത്തോലിക്കാസഭയും എന്ന വിഷയത്തിൽ പാലാരിവട്ടം പിഒസിയിൽ സംഘടിപ്പിച്ച കത്തോലിക്കാ മാധ്യമപ്രവർത്തകരുടെയും പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെയും കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സത്യദീപം ചീഫ് എഡിറ്റർ റവ.ഡോ. കുര്യാക്കോസ് മുണ്ടാടൻ അധ്യക്ഷത വഹിച്ചു. ഐസിപിഎ പ്രസിഡന്റ് ഫാ. അൽഫോൻസോ ഇലഞ്ഞിക്കൽ, വരാപ്പുഴ അതിരൂപത വികാരി ജനറാൾ മോൺ. അലക്സ് വടക്കുംതല, സിഎംഐ പ്രിയോർ ജനറാൾ ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ. സ്റ്റീഫൻ ആലത്തറ, എഴുത്തുകാരി റോസി തമ്പി, മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. ജോളി വടക്കൻ, അഡ്വ. ആന്റണി അമ്പാട്ട് എന്നിവർ പ്രസംഗിച്ചു.

കേരളത്തിലെ ജനാധിപത്യ പ്രക്രിയയിൽ മാധ്യമങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ എംഎം ടിവി ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ്, മുൻ എംപി സെബാസ്റ്റ്യൻ പോൾ, പത്രപ്രവർത്തകൻ കെ.എം. റോയ് എന്നിവർ പ്രഭാഷണം നടത്തി. സ്മാർട്ട് ഫാമിലി മാനേജിംഗ് എഡിറ്റർ ഫാ. ജേക്കബ് നാലുപറയിൽ മോഡറേറ്ററായി. സൺഡേ ശാലോം സ്പെഷൽ കറസ്പോണ്ടന്റ് സാബു ജോസ് പ്രസംഗിച്ചു.

കേരളത്തിലെ കത്തോലിക്കാ സഭയെ നവീകരിക്കുന്നതിൽ മാധ്യമോപാധികളുടെ പ്രസക്തി എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ ഇംഗ്ലീഷ് സത്യദീപം ചീഫ് എഡിറ്റർ റവ.ഡോ. പോൾ തേലക്കാട്ട്, ദീപിക എക്സിക്യുട്ടീവ് എഡിറ്റർ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ജീവനാദം ചീഫ് എഡിറ്റർ ഇഗ്നേഷ്യസ് ഗോൺസാൽവസ് എന്നിവർ പ്രസംഗിച്ചു. പ്രഫ. തോമസ് മാത്യു മോഡറേറ്ററായി. ഐസിപിഎ വൈസ് പ്രസിഡന്റ് മാത്യു പ്ലാത്തോട്ടം, ഓർഗനൈസിംഗ് കമ്മിറ്റി കൺവീനർ ജോസ് വിൻസന്റ് എന്നിവർ പ്രസംഗിച്ചു.

**നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. (മത്താ.6:33)**

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

35

## പ്രേഷിതപ്രവർത്തനം

**കഴിഞ്ഞ ലക്കം തുടർച്ച.......**

ഈ ലക്ഷ്യപ്രാപ്തിക്കായി ഓരോ മുഖ്യ സാമൂഹിക സാംസ്കാരിക സീമയിലും ദൈവാവിഷ്കൃതവും വി.ഗ്രന്ഥത്തിൽ ആലേഖിതവും, സഭാപിതാക്കന്മാരും സഭയുടെ പ്രബോധനാധികാരവും വ്യാഖ്യാനിച്ചതുമായ സംഭവങ്ങളും വചനങ്ങളും സാർവ്വത്രികസഭയുടെ പാരമ്പര്യങ്ങളുടെ വെളിച്ചത്തിൽ നവമായ ഒരു സൂക്ഷ്മ പഠനത്തിന് വിധേയമാക്കിക്കൊണ്ടുള്ള ദൈവശാസ്ത്രവിചിന്തനം ഉത്തേജിപ്പിക്കണം. ഇപ്രകാരം ഏതെല്ലാം രംഗങ്ങളിൽ ഈ ജനതകളുടെ തത്വശാസ്ത്രത്തേയും വിജ്ഞാനത്തേയും കണക്കിലെടുത്തുകൊണ്ട് വിശ്വാസത്തിന് അവയുമായി ഒരു ധാരണയിൽ എത്തിച്ചേരുവാൻ സാധിക്കുമെന്നും ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ അവരുടെ ആചാരമര്യാദകളും ജീവിതവീക്ഷണവും സാമൂഹികവ്യവസ്ഥിതിയും ദൈവാവിഷ്കരണത്താൽ സൂചിപ്പിക്കപ്പെടുന്ന ധാർമ്മികക്രമവുമായി പൊരുത്തപ്പെടുത്തുവാൻ കഴിയുമെന്നും വ്യക്തമാകും. തത്ഫലമായി ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സർവ്വവ്യാപകമായ സംവിധാനത്തിനു വഴിതുറക്കും. ഇങ്ങനെ എല്ലാ വിധത്തിലുമുള്ള സങ്കരത്വവും ദോഷകരമായ പ്രത്യേകതകളും നീങ്ങുകയും ക്രൈസ്തവജീവിതം ഓരോ സംസ്കാരത്തിന്റെയും സ്വതസിദ്ധമായ പ്രവണതകൾക്കും വാസനകൾക്കും അനുരൂപപ്പെടുകയും ചെയ്യും. അവരുടെ പ്രത്യേക പാരമ്പര്യങ്ങൾ ഓരോ ജനതയുടെയും സ്വന്തമായ പിതൃസ്വത്തിനോടൊത്ത് സുവിശേഷവെളിച്ചത്തിൽ പ്രകാശിതമാക്കുകയും സാർവ്വത്രികമായ ഐക്യത്തിലേയ്ക്ക് സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. അവസാനമായി സാർവ്വത്രികസഭയുടെമേൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന പത്രോസിന്റെ സിംഹാസനത്തിന്റെ പരമാധികാരത്തിന് വിധേയമായിക്കൊണ്ടു സഭയുടെ കൂട്ടായ്മയിൽ സ്വന്തം പാരമ്പര്യങ്ങളോടുകൂടിയ ഓരോ യുവസഭയ്ക്കും അതാതിന്റെ സ്ഥാനം ഉണ്ടായിരിക്കണം.

തന്മൂലം ഓരോ പ്രമുഖ സാമൂഹിക സാംസ്കാരിക സീമകളിലുള്ള മെത്രാന്മാരുടെ സംഘങ്ങൾ ഏകമനസ്സോടും പൊതുവായി ആലോചിച്ചും ഈ പുനഃസംവിധാന പരിപാടി നടപ്പിലാക്കത്തക്കവണ്ണം പരസ്പരൈക്യത്തിൽ വർത്തിക്കുക സർവ്വദാ യുക്തമാണ്; പ്രതീക്ഷിക്കപ്പെടേണ്ടതുമാണ്.

### അദ്ധ്യായം 4

## പ്രേഷിതർ

**23. പ്രേഷിത വിളി**-മിശിഹായുടെ ഓരോ ശിഷ്യനും അവന്റേതായ വിധത്തിൽ വിശ്വാസപ്രചാരണം നടത്തുവാൻ ബാധ്യസ്ഥനാണെങ്കിലും തന്നോടുകൂടി ആയിരിക്കുന്നതിനും ജനപദങ്ങളോട് പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനുമായി (മർക്കോ.3:13) ക്രിസ്തു സ്വശിഷ്യഗണത്തിൽ നിന്ന് തനിക്കു പ്രസാദിച്ചവരെ



മിശിഹായുടെ ഓരോ ശിഷ്യനും അവന്റേതായ വിധത്തിൽ വിശ്വാസപ്രചാരണം നടത്തുവാൻ ബാധ്യസ്ഥനാണെങ്കിലും തന്നോടുകൂടി ആയിരിക്കുന്നതിനും ജനപദങ്ങളോട് പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനുമായി (മർക്കോ.3:13) ക്രിസ്തു സ്വശിഷ്യഗണത്തിൽ നിന്ന് തനിക്കു പ്രസാദിച്ചവരെ എക്കാലത്തും വിളിക്കുന്നുണ്ട്.

എക്കാലത്തും വിളിക്കുന്നുണ്ട്. തന്മൂലം പൊതുനന്മയ്ക്കായി തന്റെ സിദ്ധികൾ തനിക്കിഷ്ടമായവിധം വിതരണം ചെയ്യുന്ന (1.കോറി.12:11) പരിശുദ്ധാരൂപിയിലൂടെ മിശിഹാ വ്യക്തികളുടെ ഹദയങ്ങളിൽ പ്രേഷിതവിളിയെ നിവേശിപ്പിക്കുകയും സഭ മുഴുവന്റെയും സുവിശേഷപ്രസംഗജോലി സ്വന്തം ഉദ്യോഗം എന്നപോലെ ഏറ്റെടുക്കുന്ന സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടു വരികയും ചെയ്യുന്നു.

ഉചിതമായ സ്വാഭാവിക പ്രവണതകൾ ആവശ്യമായ കഴിവുകൾ, സ്വാഭാവിക ഗുണവിശേഷങ്ങൾ മുതലായവയാൽ അനുഗൃഹീതരും സ്വദേശത്തോ വിദേശത്തോ പ്രേഷിതജോലി ഏറ്റെടുക്കാൻ സന്നദ്ധരുമായ വൈദികരും സന്യാസികളും അല്മായരും വിശേഷാലുള്ള ദൈവവിളി ലഭിച്ചവരാണ്. 'വിജാതികളുടെ സമർപ്പണം സ്വീകൃതവും പരിശുദ്ധാത്മാവിൽ ശുദ്ധീകൃതവും' (റോമ.15:16) ആകുന്നതിനുവേണ്ടി 'മാറ്റി നിർത്തപ്പെട്ടിരിക്കുന്ന' (നട.13:2) അവർ സുവിശേഷത്തിന്റെ ശുശ്രൂഷകരെന്നവണ്ണം നിയമപ്രകാരമുള്ള അധികാരികളാൽ അയയ്ക്കപ്പെട്ട്, ക്രിസ്തുവിൽ നിന്ന് അകന്നുകഴിയുന്നവരുടെ പക്കലേയ്ക്ക് വിശ്വാസത്തോടും അനുസരണത്തോടുംകൂടി പോകുകയായി.

**24. പ്രേഷിതന്റെ ആദ്ധ്യാത്മികത്വം**-ദൈവം ആരെയെങ്കിലും വിളിക്കുമ്പോൾ മാംസരക്താദി പരിഗണനകൾ കൂടാതെ (ഗലാ.1:16) സുവിശേഷജോലിക്ക് സ്വയം പൂർണ്ണമായി അർപ്പിച്ചുകൊണ്ട് ആ വിളിയെ കേട്ടനുസരിക്കണം. എന്നാൽ പരിശുദ്ധാരൂപിയുടെ പ്രചോദനവും ശക്തിയും കൂടാതെ ഇപ്രകാരം ചെയ്യുവാൻ ആർക്കും സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ അയയ്ക്കപ്പെട്ടവൻ അയച്ചവന്റെ ജീവിതത്തിലേയ്ക്കും ദൗത്യത്തിലേയ്ക്കും പ്രവേശിക്കേണ്ടിയിരിക്കുന്നു. ഈ അയച്ചവനാകട്ടെ സ്വയം ശൂന്യനാക്കി ദാസന്റെ വേഷം സ്വീകരിച്ചവനാണ് (ഫിലി.2:7). തന്മൂലം അയാൾ തന്റെ ആജീവനാന്ത ദൈവവിളിയിൽ സ്ഥിരമായി നിൽക്കുന്നതിനും എല്ലാവർക്കും എല്ലാമായിക്കൊണ്ട് (1.കോറി.9:22) തന്നെത്തന്നെയും ഇതുവരെ സ്വന്തമെന്ന് കരുതിയിരുന്ന എല്ലാംതന്നെയും പരിത്യജിക്കുന്നതിനും സന്നദ്ധനായിരിക്കണം.

ജനങ്ങളുടെമദ്ധ്യേ സുവിശേഷം അറിയിക്കുന്ന ക്രിസ്തുവിന്റെ പ്രതിനിധിയായ പ്രേഷിതൻ അങ്ങിൽ ധൈര്യപ്പെട്ടുകൊണ്ട് അവിടത്തെ രക്ഷണീയ രഹസ്യം മനോവിശ്വാസത്തോടെ അവതരിപ്പിക്കുമ്പോൾ കുരിശിന്റെ ഭോഷത്വത്തിൽ ലജ്ജിക്കുന്നില്ല; അതിനാണയാൾ കടപ്പെട്ടിരിക്കുന്നതും (എഫേ.6:19; നട. 4:31). വിനീതഹൃദയനും ശാന്തനുമായ സ്വഗുരുവിന്റെ കാലടികളെ പിഞ്ചെന്നുകൊണ്ട് അവിടത്തെ നുകം മാധുര്യമുള്ളതും ഭാരം ലഘുവുമാണെന്നു കാണിച്ചുകൊടുക്കുന്നു മത്താ.11:29). നിരന്തര ക്ഷമയും, ദീർഘസഹനവും, കാരുണ്യവും, ആത്മാർത്ഥസ്നേഹവുമുള്ള സാക്ഷാൽ സുവിശേഷാനുസൃതമായ ജീവിതംവഴി ആവശ്യമെങ്കിൽ സ്വരക്തം ചിന്തിക്കൊണ്ടുതന്നെയും സ്വന്ത നാഥന് അവർ സാക്ഷ്യം വഹിക്കുന്നു. അത്യുഗ്രമായ അരിഷ്ടതകളിലും അതികഠിനമായ ദാരിദ്ര്യത്തിലും ഒട്ടേറെ സൗഭാഗ്യം (2.കോറി.8:2) കണ്ടെത്താമെന്നുള്ള വസ്തുത ബോധ്യമാകുന്നതിനു വേണ്ട ശക്തിയും ധൈര്യവും ലഭിക്കുവാൻ അയാൾ ദൈവത്തോടു പ്രാർത്ഥിക്കുകയായി. സ്വന്തം അനുസരണത്താൽ മനുഷ്യവർഗ്ഗത്തെ രക്ഷിച്ച ക്രിസ്തുവിന്റെ ശുശ്രൂഷിയുടെ പ്രത്യേക സുകൃതമാണ് അനുസരണം എന്നറിഞ്ഞിരിക്കണം.

(തുടരും)

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. (മത്താ.6:33)

# സീറോ മലബാർ സഭ അല്മായ കമ്മീഷൻ മീഡിയ ഫോറം കോട്ടയം റീജിയണൽ കോൺഫറൻസ് ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽ ഒക്ടോബർ 19ന്

സീറോ മലബാർ സഭ അല്മായ കമ്മീഷൻ മീഡിയ ഫോറത്തിന്റെ ആഭിമുഖ്യത്തിലുള്ള റീജിയണൽ കോൺഫറൻസുകൾക്ക് തുടക്കം. കോട്ടയം റീജിയണൽ കോൺഫറൻസ് ഒക്ടോബർ 19ന് ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽ നടക്കും. സീറോ മലബാർ സഭയുടെ ചങ്ങനാശ്ശേരി, കോട്ടയം അതിരൂപതകളുടെയും കാഞ്ഞിരപ്പള്ളി, പാല രൂപതകളുടെയും പ്രവർത്തനപരിധിയിൽപ്പെടുന്ന സഭാ വിശ്വാസികളായ മാധ്യമ പ്രവർത്തകർ മീഡിയ കോൺഫറൻസിൽ പങ്കെടുക്കും.

രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി കോൺഫറൻസ് ആരംഭിക്കും. ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ അധ്യക്ഷതയിൽ ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ ഉദ്ഘാടനം ചെയ്യും. മാധ്യമരംഗത്തെ പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കേന്ദ്രങ്ങളിലും ഡിസംബർ 31ന് മുമ്പ് റീജിയണൽ സമ്മേളനങ്ങൾ നടക്കും.

## ലോകത്തിലെ ആദ്യ പുകവലിരഹിത രാജ്യമാകാൻ ഓസ്ട്രേലിയ

സിഡ്നി: ലോകത്തിലെ ആദ്യ പുകവലിരഹിത രാജ്യമാകാൻ ഓസ്ട്രേലിയ ഒരുങ്ങുന്നു. പുകയിലയ്ക്കു പകരം ഇലക്ട്രോണിക് സിഗരറ്റ് ഉപയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയാണ് ഓസീസ് സർക്കാർ. പുകയില നിറച്ച സിഗരറ്റിനെ അപേക്ഷിച്ച് തികച്ചും സുരക്ഷിതമായ മാർഗമാണ് ഇലക്ട്രോണിക് സിഗരറ്റെന്നാണ് സർക്കാർ അവകാശപ്പെടുന്നത്.

ഓസ്ട്രേലിയയിൽ നിന്നും സിഗരറ്റിനെ പുറത്താക്കാൻ ആരോഗ്യവിദഗ്ധരും കാൻസർ സംഘടനകളും പുകവലിവിരുദ്ധ സംഘടനകളും വർഷങ്ങളായി ശ്രമിച്ചുവരികയാണ്. ഇതിന്റെ ഫലമാണ് ഈ-സിഗരറ്റെന്ന പുതിയ കണ്ടുപിടുത്തം. ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സിഗരറ്റുകൾക്ക് യഥാർഥ സിഗററ്റ് വലിക്കുമ്പോൾ പുക അകത്തേയ്ക്കും പുറത്തേയ്ക്കും സഞ്ചരിക്കുമ്പോൾ ലഭിക്കുന്ന



അതേ അനുഭൂതി നല്കാനാകുമെന്ന് സിഡ്നി മോണിംഗ് ഹെറാൾഡ് റിപ്പോർട്ട് ചെയ്യുന്നു.

## മൈഗ്രന്റ്സ് കമ്മീഷൻ സെക്രട്ടറിയായി റവ.ഡോ. ഷാജി എബ്രഹാം കൊച്ചുപുരയിൽ ചുമതലയേറ്റു



കൊച്ചി: സീറോ മലബാർ സഭ ഇവാഞ്ചലൈസേഷൻ ആന്റ് പാസ്റ്ററൽ കെയർ ഓഫ് ദ മൈഗ്രന്റ്സ് കമ്മീഷന്റെ സെക്രട്ടറിയായി റവ. ഡോ.ഷാജി എബ്രഹാം കൊച്ചുപുരയിൽ ചുമതലയേറ്റു.

എംസിബിഎസ് സഭാംഗമായ റവ.ഡോ. ഷാജി റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ നിന്നു ഫിലോസഫിയിൽ പിഎച്ച്ഡി പൂർത്തിയാക്കി. ബാംഗ്ലൂർ ജീവാലയ മേജർ സെമിനാരിയിൽ ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ, പ്രഫസർ, വൈസ് റെക്ടർ, ഡീൻ ഓഫ് സ്റ്റഡീസ്, ഫിലോസഫി പ്രോഗ്രാമുകളുടെ കോ-ഓർഡിനേറ്റർ, ബാംഗ്ലൂർ സുവിദ്യ കോളജ്, ഇലക്ട്രോണിക് സിറ്റി, വിൻസൻഷ്യൻ മേജർ സെമിനാരി, പള്ളോട്ടൈൻ മേജർ സെമിനാരി എന്നിവിടങ്ങളിൽ വിസിറ്റിംഗ് ഫാക്കൽറ്റി എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. പാലാ രൂപതയിലെ കുന്നോന്നി ഇടവകാംഗമാണ്. എംഎസ്ടി സഭാംഗമായ ഫാ.ജോസ് ചെറിയമ്പനാട്ട് സാംഗ്ലി മിഷൻ സുപ്പീരിയർ ജനറലായി സ്ഥലം മാറിപ്പോയതിനെത്തുടർന്നാണ് റവ. ഡോ.കൊച്ചുപുരയിലിനെ നിയമിച്ചത്.

ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ ചെയർമാനായ ഇവാഞ്ചലൈസേഷൻ ആന്റ് പാസ്റ്ററൽ കെയർ ഓഫ് ദ മൈഗ്രന്റ്സ് കമ്മീഷനിൽ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ബിഷപ് മാർ മാത്യു അറയ്ക്കൽ എന്നിവരാണ് മറ്റ് അംഗങ്ങൾ. എസ്ഡി സന്യാസിനി സഭാംഗമായ സിസ്റ്റർ ഫ്രാൻസ്ലറ്റാണ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ഓഫീസ് സെക്രട്ടറി.

## പട്ടയസമരം-ജനകീയ പോരാട്ടത്തിന് പിന്തുണ: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കോട്ടയം: പതിറ്റാണ്ടുകളായി മാറിമാറിവന്ന ജനപ്രതിനിധികളും സർക്കാരുകളും വാഗ്ദാനങ്ങൾ നൽകിയും പ്രസ്താവനകളിറക്കിയും പട്ടയപ്രശ്നത്തിൽ ഹൈറേഞ്ചുകർഷകരെ വിഢികളാക്കുകയാണെന്നും ജീവിക്കാൻ വേണ്ടിയുള്ള ഒരു ജനതയുടെ പോരാട്ടത്തിന് പിന്തുണ നൽകുന്നുവെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

01.01.1977 നു മുമ്പുള്ള കൈവശഭൂമിക്ക് പട്ടയം നൽകാൻ തീരുമാനിച്ചിട്ട് കഴിഞ്ഞ 35 വർഷം ജനങ്ങളെ പെരുവഴിയിലാക്കിയവരും, നിരന്തരം പീഢിപ്പിച്ചവരും ഉടൻതന്നെ ഉപാധിരഹിത പട്ടയം വിതരണം ചെയ്യുമെന്ന് കൊട്ടിഘോഷിക്കുന്നത് വിശ്വസനീയമല്ല. തെരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിക്കുവാനുള്ള ഏണിപ്പടികളായി മാത്രമാണ് രാഷ്ട്രീയ നേതൃത്വങ്ങൾ കർഷകരെ കാണുന്നതെന്നതാണ് വസ്തുത. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്നുള്ള അവിശുദ്ധ കൂട്ടുകെട്ട് നിയമക്കുരുക്കുകൾ സൃഷ്ടിച്ച് വർഷങ്ങളായി കൃഷിചെയ്ത് അനുഭവിക്കുന്ന കൈവശഭൂമി കർഷകരുടെ കയ്യിൽനിന്ന് തട്ടിയെടുക്കുവാനുള്ള ഗൂഢതന്ത്രങ്ങൾ മെനയുകയാണെന്ന് അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ ആരോപിച്ചു.

ജനങ്ങളുടെ ജീവനും സ്വത്തിനും വെല്ലുവിളി ഉയർത്തുന്ന ജനകീയ പ്രശ്നങ്ങളിൽ എക്കാലത്തേയും പോലെ സഭയുടെ ഇടപെടൽ ശക്തമായിത്തുടരും. ഹൈറേഞ്ചുകർഷകരുടെ പട്ടയപ്രശ്നത്തിൽ സഭയുടെ നിലപാട് വളരെ ഉറച്ചതാണ്.

സഭയുടെ ജനകീയ ഇടപെടലുകൾ ജാതി-മത-രാഷ്ട്രീയത്തിന് അതീതമാണ്. വാഗ്ദാനങ്ങൾ മാത്രം നൽകിയും കരിനിയമങ്ങൾ നടപ്പിലാക്കിയും ജനങ്ങളെ വിഢികളാക്കുന്ന രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ അടവുനയം വിലപ്പോവില്ല. അധികാരത്തിലേറി ഒരു വർഷത്തിനകം എല്ലാവർക്കും ഉപാധിരഹിത പട്ടയം നൽകുമെന്ന വാഗ്ദാനം യുഡിഎഫ് സർക്കാർ കാറ്റിൽ പറത്തിയിരിക്കുന്നത് കടുത്ത കർഷക വഞ്ചനയാണ്. ഹൈറേഞ്ചു കർഷകരുടെ പട്ടയപ്രശ്നത്തിൽ സഭയുടെ ഇടപെടലിനെ ചോദ്യം ചെയ്യാൻ ആരും മുതിരേണ്ട. ഒരു രാഷ്ട്രീയ മുന്നണിയും സ്ഥിരനിക്ഷേപം പോലെ സഭയെ കാണുകയും വേണ്ടന്നും അല്മായ കമ്മീഷൻ വ്യക്തമാക്കി.







**ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ**
**പ്രിയോർ ജനറാൾ, സിഎംഐ**


**കഴിഞ്ഞ ലക്കം തുടർച്ച...**

## വിശുദ്ധ കുർബാന

കത്തോലിക്കാ സഭയുടെ വചനാധിഷ്ഠിത സ്വഭാവം മറ്റെന്തിനെക്കാളും വ്യക്തമാക്കുന്നതാണ് ജീവന്റെ അപ്പത്തെക്കുറിച്ചു യേശു നല്കുന്ന പഠനത്തിലുള്ള ഉറച്ച വിശ്വാസം. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ പഠനം രണ്ടായിരം വർഷമായി അക്ഷരാർത്ഥത്തിൽ വിശ്വസിക്കുകയും യേശുവിന്റെ സജീവസാന്നിദ്ധ്യം അപ്പംമുറിക്കൽ ശുശ്രൂഷയാകുന്ന വിശുദ്ധ കുർബാനയിലൂടെ കത്തോലിക്കർ അനുദിനം അനുഭവിക്കുകയും ചെയ്യുമ്പോൾ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ പഠനത്തിന് അല്പം പോലും പ്രാധാന്യം നല്കാതെ അതു പാടേ അവഗണിക്കുന്നവരെക്കുറിച്ചു സഹതപിക്കുകയല്ലാതെ മറ്റെന്താണു ചെയ്യുവാൻ സാധിക്കുക?

നമുക്കു യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിലേക്കു പോകാം. അഞ്ചപ്പവും രണ്ടു മീനും വർധിപ്പിച്ചു വമ്പിച്ച ഒരു ജനാവലിയെ ഒരിക്കൽ തീറ്റിപ്പോറ്റിയപ്പോൾ അവർ വീണ്ടും അപ്പം തേടി യേശുവിന്റെ പിന്നാലെ ചെന്നു. അപ്പോൾ യേശു അവരോടു പറഞ്ഞു: "ഞാൻ ജീവന്റെ അപ്പമാണ്. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ചു മന്നാ ഭക്ഷിച്ചു; എങ്കിലും അവർ മരിച്ചു. ഇതാകട്ടെ മനുഷ്യർ ഭക്ഷിക്കുന്നതിനു വേണ്ടി സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാണ്. ഇത് ഭക്ഷിക്കുന്നവർ മരിക്കുകയില്ല. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്" (യോഹാൻ 6: 48–51).

യേശുവിന്റെ ഈ വചനങ്ങൾ കേട്ടപ്പോൾ "യഹൂദർക്കിടയിൽ തർക്കമുണ്ടായി. തന്റെ ശരീരം നമുക്കു ഭക്ഷണമായിത്തരുവാൻ ഇവന് എങ്ങനെ കഴിയും എന്നു അവർ ചോദിച്ചു" (യോഹ. 6:52). അപ്പോൾ "യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയർപ്പിക്കും. എന്തെന്നാൽ എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു. ഞാൻ പിതാവു മൂലം ജീവിക്കുന്നു. അതു പോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും. ഇതു സ്വർഗത്തിൽ നിന്നിറങ്ങിവന്ന അപ്പമാണ്. നിങ്ങളുടെ പിതാക്കന്മാർ മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതു പോലെയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (6: 53–59).

യേശുവിന്റെ ഈ വചനം കേട്ടപ്പോൾ പലരും പറഞ്ഞു: "ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കുവാൻ ആർക്കു കഴിയും?" (6:60). യേശുവിന്റെ ശിഷ്യരിൽ ചിലർ പിറുപിറുക്കുകയും വിശ്വസിക്കുവാൻ വിസമ്മതിക്കുകയും ചെയ്തപ്പോൾ യേശു തന്റെ വചനം തിരുത്തി



പ്പറഞ്ഞോ? ഒരിക്കലുമില്ല. എന്നു മാത്രമല്ല, അവിടുന്ന് തന്റെ പഠനം ഒന്നു കൂടി ഉറപ്പിക്കുകയാണ് ചെയ്തത്. അപ്പോൾ എന്ത് സംഭവിച്ചെന്നോ? "അവന്റെ ശിഷ്യരിൽ വളരെപ്പേർ അവനെ വിട്ടു പോയി; അവർ പിന്നീടൊരിക്കലും അവന്റെ കൂടെ നടന്നില്ല"(6:66).

അവർ പോയപ്പോൾ യേശു പകച്ചു പോയോ? അവിടുന്നു വാക്കു മാറ്റിപ്പറഞ്ഞോ? ഇല്ല. അവിടുന്നു പന്ത്രണ്ടു പേരുടെയും മുഖത്തേക്കു നോക്കിക്കൊണ്ടു ചോദിച്ചു: "നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?" (6:67). ഉടനെ ശിമയോൻ പത്രോസ് മറുപടി പറഞ്ഞു. "കർത്താവേ, ഞങ്ങൾ ആരുടെ പക്കൽ പോകും. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (6: 19).

പന്ത്രണ്ടു ശിഷ്യന്മാരെപ്പോലെ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകളിൽ ഉറച്ചുവിശ്വസിക്കുകയും യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ആത്മാർത്ഥമായി ഏറ്റു പറയുകയും ചെയ്യുന്നവരാണ് കത്തോലിക്കർ. തികച്ചും വചനാധിഷ്ഠിതമായ

> **പെസഹാചരണ സമയത്തു തങ്ങൾ സ്വീകരിച്ചതു യേശുവിന്റെ ശരീരവും രക്തവുമാണെന്നു ശിഷ്യർ ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസമാണ് യേശുവിന്റെ ഉത്ഥാനശേഷം അപ്പം മുറിക്കൽ ശുശ്രൂഷ ദിവസവും വിശ്വസ്തതാപൂർവ്വം ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചത്**

ഈ വിശ്വാസത്തിനടുത്തെത്തുവാൻ പലർക്കും സാധിക്കുന്നില്ലെന്നതോ പോകട്ടെ, അവർ സത്യസഭാവിശ്വാസികളെ വഴിതെറ്റിക്കുന്നു എത് അതീവദു:ഖകരമല്ലേ? "നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗരാജ്യം അടച്ചു കളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല; പ്രവേശിക്കുവാൻ വരുന്നവരെ അനുവദിക്കുന്നുമില്ല" (മത്തായി 22:13) എന്നു യേശു പറഞ്ഞതു ഇത്തരക്കാരോടല്ലേ?

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ട നിമിഷമാണ് അവിടുത്തെ പെസഹാചരണം. "അവൻ ഭക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ യേശു അപ്പമെടുത്തു ആശീർവദിച്ചു മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ. ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്തു കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽ നിന്നു വാങ്ങി പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടു പുതിയ ഉടമ്പടിയുടെ എന്റെ രക്തമാണ്" (മത്തായി 26: 20–29). "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ" (ലൂക്കാ 22: 19). അന്നു പെസഹാചരണ സമയത്തു തങ്ങൾ സ്വീകരിച്ചതു യേശുവിന്റെ ശരീരവും രക്തവുമാണെു ശിഷ്യർ ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസമാണ് യേശുവിന്റെ ഉത്ഥാനശേഷം അപ്പം മുറിക്കൽ ശുശ്രൂഷ ദിവസവും വിശ്വസ്തതാപൂർവ്വം ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചത് (നടപടി 2:42). അപ്പസ്തോലന്മാരുടെ ഈ മാതൃക

(ശേഷം അടുത്ത പേജിൽ)

**എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).**

സ്വീകരിച്ചാണു കത്തോലിക്കർ ഇപ്പോഴും അപ്പം മുറിക്കൽ ശുശ്രൂഷ ദിവസവും നടത്തുന്നത് .

വിശുദ്ധ കുർബാനയെക്കുറിച്ച് വിശുദ്ധ പൗലോസ് പറയുന്നത് നമുക്കു ശ്രദ്ധിക്കാം. അദ്ദേഹം എഴുതുന്നു: "കർത്താവിൽ നിന്ന് എനിക്ക് ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനു ശേഷം, അതു മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരം തന്നെ, അത്താഴത്തിനു ശേഷം പാനപാത്രമെടുത്ത് അരുളിച്ചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതു പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

"തൻമൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധനചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെതന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും" (1 കോറി. 11: 23-29).

അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ യേശുവിന്റെ ശരീരത്തിലും രക്തത്തിലും താൻ യഥാർത്ഥമായി പങ്കു ചേരുകയായിരുന്നെന്നു വിശുദ്ധ പൗലോസിനു ഉറച്ച ബോധ്യമുണ്ടായിരുന്നു. തന്മൂലമാണ്, അദ്ദേഹം ചോദിക്കുന്നത്, "നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ?" (1 കോറി. 10:16).

ദൈവവചനം പഠിപ്പിക്കുന്ന ഈ കാര്യങ്ങൾ ഉറപ്പായി വിശ്വസിക്കുന്നവരാണ് കത്തോലിക്കർ. അതുകൊണ്ടാണ് ഞായറാഴ്ച്ച എന്ന പോലെ മറ്റു ദിവസങ്ങളിലും അപ്പം മുറിക്കൽ ശുശ്രൂഷയാകുന്ന വിശുദ്ധ കുർബാനയിൽ കത്തോലിക്കർ പങ്കെടുക്കുന്നതും വിശുദ്ധ കുർബാന സ്വീകരിച്ചു കൊണ്ടു യേശുവിന്റെ ശരീരരക്തങ്ങളിൽ ഭാഗഭാക്കാകുന്നതും.

അപ്പം മുറിക്കൽ ശുശ്രൂഷ വഴി നാം യേശുവിന്റെ മരണം അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണെന്നു വിശുദ്ധ പൗലോസ് പറയുന്നുണ്ട്. അതായത്, വിശുദ്ധ കുർബാനയിൽ നാം അനുസ്മരിക്കുന്നതും ആചരിക്കുന്നതും കുരിശിലെ അവിടുത്തെ യാഗബലിയാണെന്നു വ്യക്തം. തന്മൂലമാണ്, അപ്പം മുറിക്കൽ ശുശ്രൂഷയെ ദിവ്യബലി എന്നു നാം ഇന്ന് വിളിക്കുന്നത്. നടപടിപ്പുസ്തകത്തിൽ നാം വായിക്കുന്നതനുസരിച്ച് അപ്പസ്തോലന്മാർ പ്രാവർത്തികമാക്കിയ "പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന' '(നടപടി 2:42) എന്നീ കാര്യങ്ങളാണ് നമ്മുടെ വിശുദ്ധ കുർബാനയിലുമുള്ളത്.

അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ അപ്പവും വീഞ്ഞും യേശുവിന്റെ ശരീര രക്തങ്ങളായി മാറുന്നതു കൊണ്ടാണ് വിശുദ്ധ കുർബാന കത്തോലിക്കാ ദേവാലയങ്ങളിൽ സൂക്ഷിക്കുന്നത്. അതുവഴിയായി, "തിരുസാന്നിധ്യത്തിന്റെ അപ്പം എപ്പോഴും എന്റെ മുൻപാകെ മേശപ്പുറത്തു വച്ചിരിക്കണം" (പുറപ്പാട് 25:30) എന്ന ദൈവവചനം നാം പൂർത്തീകരിക്കുക കൂടി ചെയ്യുകയാണ്.

വിശുദ്ധ അപ്പം യേശുവിന്റെ ശരീരമാണെന്നും ആ അപ്പത്തിൽ അവിടുത്തെ യഥാർത്ഥ തിരുസാന്നിധ്യം ഉണ്ടെന്നും ഉറച്ചു വിശ്വസിച്ച വിശുദ്ധ പൗലോസിന്റെയും മറ്റ് അപ്പസ്തോലന്മാരുടെയും യഥാർത്ഥ പിൻഗാമികളാണു കത്തോലിക്കരായ നമ്മൾ. അതുകൊണ്ടാണു പൂർണ്ണ ഒരുക്കത്തോടു കൂടി നാം കുർബാന സ്വീകരിക്കുന്നതും ലോകമെമ്പാടുമുള്ള കത്തോലിക്കാ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയെ നാം ആരാധിക്കുന്നതും.

(തുടരും)



സീറോ മലബാർ സഭ അല്മായ കമ്മീഷൻ പ്രഫഷണൽസ് ഫോറത്തിന്റെ വെബ്സൈറ്റ് ഉദ്ഘാടനം കാഞ്ഞിരപ്പള്ളി രൂപതാ ആസ്ഥാനത്ത് ചേർന്ന ചടങ്ങിൽ മാർ മാത്യു അറയ്ക്കൽ നിർവഹിക്കുന്നു. അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, പ്രഫഷണൽസ് ഫോറം ഡയറക്ടർ റവ.ഡോ.ബിജു കൊച്ചുപറമ്പിൽ എന്നിവർ സമീപം.

## സീറോ മലബാർ യൂത്ത് അപ്പസ്തോലേറ്റ് ഡയറക്ടേഴ്സ് കോൺഫറൻസ് ഒക്ടോബർ 21ന്

സീറോ മലബാർ സഭ യൂത്ത് അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ യൂത്ത് ഡയറക്ടർമാരുടെ സമ്മേളനം ഒക്ടോബർ 21ന് കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരും. അല്മായ കമ്മീഷൻ അംഗവും ബിഷപ് ലെഗേറ്റുമായ മാർ ജോസഫ് പണ്ടാരശ്ശേരിൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. യൂത്ത് അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ എന്നിവർ സംസാരിക്കും. സഭയിലെ യുവജനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുന്നതാണ്.

## ലോകത്ത് വർഷം തോറും പാഴാകുന്നത് മൂന്നിലൊന്ന് ഭക്ഷണം: യുഎൻ

കേപ്ടൗൺ: ലോകത്ത് ആകെയുള്ള ഭക്ഷണത്തിന്റെ മൂന്നിലൊന്നും പാഴാക്കുന്നതായി യുഎൻ കണ്ടെത്തൽ. വർഷം തോറും 1.3 ബില്യൺ ടൺ ഭക്ഷണമാണ് പാഴാക്കികളയുന്നത്. ഇതുമൂലം 750 ബില്യൺ



ഡോളറിന്റെ സാമ്പത്തികനഷ്ടമാണ് ഉണ്ടാകുന്നത്. മാത്രമല്ല, പാഴാകുന്ന ഭക്ഷണം പരിസ്ഥിതിക്കു നാശം വിതയ്ക്കുന്നതായും യുഎൻ ഇൻഫർമേഷൻ സെന്റർ പ്രിട്ടോറിയയുടെ റിപ്പോർട്ടിൽ പറയുന്നു.

ഭക്ഷണം പാഴാക്കുന്നത് കാലാവസ്ഥയിലും ജലസ്രോതസുകളിലും ജൈവവൈവിധ്യത്തിലുമുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ഭക്ഷണം പാഴാക്കുന്നത് തടയാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ യുഎൻ എല്ലാ രാജ്യങ്ങളോടും ആവശ്യപ്പെടുന്നു.

(കഴിഞ്ഞ ലക്കം തുടർച്ച)

3

## വിശ്വാസപരിശീലനം സഭയുടെ കാഴ്ചപ്പാടിൽ

# മാതാപിതാക്കളും പരിശീലനവും

### b. പ്രവർത്തനാത്മകമായ പരിശീലനം

പറഞ്ഞുകൊടുത്തു പഠിപ്പിക്കുന്നതിൽ മാത്രമല്ല, ചെയ്യിക്കുന്നതിൽക്കൂടി ശ്രദ്ധ ചെലുത്തുന്നതാണ് ഇത്. പ്രാർത്ഥനകൾ മനഃപാഠമാക്കുന്നതിനപ്പുറം കുട്ടികൾക്ക് അതു ചൊല്ലാൻ അവസരം നല്കുകകൂടിവേണം. മാതാപിതാക്കന്മാർ അവരോടൊപ്പമിരുന്നു പ്രാർത്ഥിക്കണം, പ്രാർത്ഥിപ്പിക്കണം. പ്രാർത്ഥനാശീലത്തിലേക്ക് അവരെ നയിക്കണം. മറ്റൊരു ഉദാഹരണമാണ് സ്തുതിചൊല്ലൽ. ദൈവത്തിന്റെ പ്രതിപുരുഷന്മാരെയും മറ്റു മുതിർന്നവരെയും കാണുമ്പോൾ സ്തുതി ചൊല്ലുന്നതു നമ്മുടെ പരമ്പരാഗതമായ അനുഷ്ഠാനമാണ്. ചെറുപ്പം മുതൽ പള്ളിയിൽ കൊണ്ടുപോകുന്നതും തിരുനാളുകളിൽ പങ്കെടുപ്പിക്കുന്നതും നേർച്ചയിടീക്കുന്നതുമൊക്കെ ഇപ്പറഞ്ഞ പ്രവർത്തനാത്മക പരിശീലനം തന്നെ.

### C. പ്രചോദനാത്മകമായ പരിശീലനം

മാതാപിതാക്കന്മാരുടെ ജീവിതമാതൃക വഴി കുട്ടികൾക്കു നല്കുന്ന വിശ്വാസ് പരിശീലനമാണിത്. ക്രിസ്തീയജീവിതത്തിനു പ്രേരണ നല്കുന്ന ക്രിയാത്മകമായ സ്വാധീനമാണ് ഇതിലൂടെ ഉളവാകേണ്ടത്. വിശ്വാസരൂപീകരണത്തിന് അനുകൂലമായ അന്തരീക്ഷം കുടുംബത്തിൽ ഉണ്ടാകുമ്പോഴാണു പ്രചോദനാത്മകമായ പരിശീലനം യാഥാർത്ഥ്യമാകുന്നത്.

## 2. ഇടവകതലം

വിശ്വാസപരിശീലനത്തിന്റെ ശാസ്ത്രീയവും ക്രമബദ്ധവുമായ തലം ഇടവകയിലേതാണ്. ഇടവകദേവാലയത്തെ കേന്ദ്രീകരിച്ചു നടക്കുന്ന വിപുലവും വ്യത്യസ്തവുമായ വിശ്വാസപരിശീലന പരിപാടികൾ ഏറെ പ്രാധാന്യമർഹിക്കുന്നു. കുടുംബതലത്തിലെ പരിശീലനത്തിന്റെ തുടർച്ചയും വികസിതരൂപവുമായി ഇതിനെ കാണണം. പ്രധാനമായി മൂന്നു വിധത്തിലാണ് ഇടവകതലത്തിലുള്ള വിശ്വാസപരിശീലനം നടത്തപ്പെടുന്നത്.

### a. ആഘോഷാത്മകം

കൗദാശികജീവിതം വിശ്വാസപരിശീലനത്തിനുള്ള അനുഷ്ഠാനപരവും ആഘോഷാത്മകവുമായ മാർഗമാണ്. വിശുദ്ധ കുർബാന ഉൾപ്പെടെയുള്ള കൂദാശകൾ വിശ്വാസത്തിന്റെ ആഘോഷത്തിലേക്കു കുട്ടികളെ നയിക്കുന്നു. വിവിധ തിരുനാളുകളും ഭക്ത്യഭ്യാസങ്ങളുമൊക്കെ ഇതിൽ ഉൾപ്പെടുന്നു. ജപമാലയും കുരിശിന്റെ വഴിയും നൊവേനകളും ആരാധനയുമൊക്കെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ ഭാഗങ്ങൾ തന്നെയാണ്. ഇടവകതലത്തിൽ ഇവയെല്ലാം ആഘോഷപൂർവ്വം അനുഷ്ഠിക്കുന്നതിലൂടെ കുട്ടികൾ വിശ്വാസത്തിൽ വളരുന്നു.

**ജപമാലയും കുരിശിന്റെ വഴിയും നൊവേനകളും ആരാധനയുമൊക്കെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ ഭാഗങ്ങൾ തന്നെയാണ്. ഇടവകതലത്തിൽ ഇവയെല്ലാം ആഘോഷപൂർവ്വം അനുഷ്ഠിക്കുന്നതിലൂടെ കുട്ടികൾ വിശ്വാസത്തിൽ വളരുന്നു.**

### b. പ്രബോധനപരം

ഇന്നു നാമറിയുന്ന വിശ്വാസപരിശീലന ക്ലാസ്സുകൾ അഥവാ സൺഡേ സ്കൂൾ സമ്പ്രദായമാണ് പ്രബോധനപരമായ പരിശീലനം. ക്രിസ്തുവിന്റെ വിശ്വാസസംഹിതയിൽനിന്നു ക്രമാനുസൃതം തെരഞ്ഞെടുത്ത കാര്യങ്ങൾ വ്യത്യസ്ത ക്ലാസ്സുകളിലായി കുട്ടികൾ പഠിക്കുന്നു. പഠിപ്പിക്കാൻ അധ്യാപകരും അധ്യാപനരീതികളും പരീക്ഷാസമ്പ്രദായവുമൊക്കെ നിലവിലുണ്ട്.

### C. പ്രായോഗികപരം

പഠിച്ച കാര്യങ്ങൾ വിശ്വാസത്തിനനുഗുണമായി പ്രയോഗിക്കാനുള്ള അവസരം ഇവിടെ ലഭിക്കുന്നു. വിവിധ ഭക്തസംഘടനകളിലുള്ള പങ്കാളിത്തത്തിലൂടെ ഇതിനുള്ള സന്ദർഭങ്ങൾ കുട്ടികൾക്കു ലഭിക്കുന്നു. ക്ലാസുമുറിക്കു പുറമേയുള്ള പഠനപരിശീലനവേദിയായി സംഘടനകളെ ഉപയോഗിക്കാൻ കഴിയുമ്പോഴാണ് ഇത്തരത്തിലുള്ള പരിശീലനം ഫലംചൂടുന്നത്. വിശ്വാസവളർച്ചയ്ക്കും വ്യക്തിത്വവികാസത്തിനും മതാത്മകജീവിതത്തിനും ഭക്തസംഘടനകൾ കുട്ടികളെ സഹായിക്കുന്നു.

*അവസാനിച്ചു*

# ഇടുക്കി പാക്കേജിലൂടെ എന്തുനേടിയെന്ന് ഹൈറേഞ്ച് ജനത വിലയിരുത്തണം

## സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കാഞ്ഞിരപ്പള്ളി: ഇടുക്കിയിലെ കാർഷിക മേഖലയിൽ വൻതകർച്ച നേരിടുകയും ജനജീവിതം ദുരിതത്തിലാകുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്രസർക്കാർ 2008 നവംബർ 20 ന് പ്രഖ്യാപിച്ച ഇടുക്കി പാക്കേജ് അഞ്ചു വർഷം പൂർത്തിയാകുമ്പോൾ എന്തുനേടിത്തന്നുവെന്ന് പൊതുസമൂഹം വിലയിരുത്തണമെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിനു മുമ്പുള്ള രാഷ്ട്രീയ തന്ത്രം എന്നതിനപ്പുറം പാക്കേജിന്റെ ഗുണങ്ങൾ ജനങ്ങളിലെത്തിക്കുവാൻ കേരളത്തിലെ ഇരുമുന്നണികളുടെയും മാറിമാറിയുള്ള ഭരണങ്ങൾക്ക് സാധിച്ചില്ലെന്നുള്ളത് ദുഃഖകരമാണെന്ന് അല്മായ കമ്മീഷൻ സൂചിപ്പിച്ചു.

2008 നവംബർ 20ന് പ്രഖ്യാപിച്ച 764.45 കോടി രൂപയുടെയും തുടർന്ന് വിവിധ സർക്കാർ ഏജൻസികൾവഴി കൂടുതലായി അനുവദിച്ചതുൾപ്പെടെ 1126 കോടി രൂപയുടെയും പദ്ധതികൾ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും, ജനപ്രതിനിധികളുടെ പിടിപ്പുകേടും, ജില്ലാഭരണകൂടത്തിന്റെ നിസംഗതയും, സംസ്ഥാനസർക്കാരിന്റെ ഭരണവൈകല്യവും കൊണ്ട് ലക്ഷ്യം കണ്ടില്ല.

പാക്കേജിന്റെ നടത്തിപ്പിനായി രൂപീകരിച്ച ഐശ്വര്യസമിതിയും, കർമ്മസമിതിയും നോക്കുകുത്തികൾ മാത്രമായി. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇടുക്കിജില്ലയിലെ മന്ത്രിയുടെയും, എം.പി.യുടെയും എം.എൽ.എ.മാരുടെയും സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങളും തുടർവാഗ്ദാനങ്ങളും ഫലപ്രദമായി നടപ്പിലാക്കുവാൻ ഇതിനോടകം സാധിച്ചിട്ടില്ലെന്നത് ലജ്ജാകരമാണ്.

അടിസ്ഥാന വികസനതലങ്ങളിലും ക്ഷേമപ്രവർത്തനങ്ങളിലും എത്തിച്ചേരേണ്ട ഇടുക്കി പാക്കേജ് കടലാസുപദ്ധതികളിൽ ചുരുക്കി രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വങ്ങൾ പാക്കേജ് അട്ടിമറിക്കുകയാണ്. നടപ്പിലാക്കിയെന്ന് സർക്കാർ വിശദീകരിക്കുന്നവ പലതും കരാറുകാരും, ഉദ്യോഗസ്ഥരും, ഇടനിലക്കാരും, രാഷ്ട്രീയക്കാരും ഉൾപ്പെടുന്ന സ്ഥിരം ലോബികളുടെ നേട്ടങ്ങൾക്ക് മാത്രമാണ് ഉപകരിച്ചിരിക്കുന്നത്. പ്രസ്താവനകളും വാഗ്ദാനങ്ങളും നൽകി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ജനപ്രതിനിധികളുടെയും, രാഷ്ട്രീയനേതൃത്വങ്ങളുടെയും സ്ഥിരം ശൈലിയുടെ ആവർത്തനമാണ് ഇടുക്കി പാക്കേജ് 2013 നവംബർ 20ന് അഞ്ചു വർഷമാകുമ്പോഴുമുള്ളതെന്ന് ഹൈറേഞ്ചു ജനത തിരിച്ചറിയണമെന്നും അല്മായ കമ്മീഷൻ പറഞ്ഞു.

# സീറോ മലബാർ സുവിശേഷവത്കരണ പരിശ്രമങ്ങളുടെ 50 തടസ്സങ്ങൾ

**കഴിഞ്ഞ ലക്കം തുടർച്ച...**

03. സ്വന്തം ദേശീയ സഭയുടെ സുവിശേഷ ദൗത്യം അവഗണിച്ചുകൊണ്ട് പല പ്രദേശങ്ങളിലും ജോലിചെയ്യുന്ന സീറോ മലബാർ സഭയിലെ അംഗങ്ങൾ സുവിശേഷവത്കരണത്തിനു തടസ്സമാകുന്നുണ്ട്.

04. സുവിശേഷവത്കരണം നടത്തുന്ന മിഷനിലെ വ്യക്തിഗതസഭയുടെ അവകാശങ്ങളെയും കടമകളെയും കുറിച്ചുള്ള അജ്ഞത ഒരു തടസ്സമാണ്. വ്യക്തിഗത സഭകൾക്ക് സുവിശേഷവത്കരിക്കാൻ അവകാശമുണ്ട്. സാർവ്വത്രികസഭ വ്യക്തിഗതസഭകളുടെ കൂട്ടായ്മയാണ്. സാർവ്വത്രികസഭ വിവിധ വ്യക്തിഗത സഭകളിലൂടെ നടത്തുന്ന പ്രവർത്തനമാണ് പ്രേഷിതപ്രവർത്തനം. സുവിശേഷവത്കരണം ഒരു സഭാത്മക പ്രവർത്തനമാണ്. അത് വ്യക്തിപരമായ ഒറ്റപ്പെട്ട പ്രവർത്തനമല്ല. ക്രൈസ്തവജീവിതം പക്വതപ്രാപിക്കുന്ന പ്രക്രിയയിൽ നിന്നു സ്വാഭാവികമായി ഉണ്ടാകുന്നതാണ് പ്രേഷിതത്വബോധം. ഒരു പ്രത്യേക അപ്പസ്തോലിക വിശ്വാസസമൂഹം പോഷിപ്പിക്കുകയും വളർത്തുകയും ചെയ്ത ക്രിസ്താനുഭവത്തിന്റെ സ്വാഭാവികവും സന്തോഷകരവുമായ പങ്കുവയ്ക്കലാണത്.

05. നമ്മുടെ സീറോ മലബാർ സഭയുടെ സഭാത്മകപാരമ്പര്യങ്ങൾ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചുള്ള അജ്ഞതയും സഭാത്മക തനിമ സംബന്ധിച്ച നിരപേക്ഷതയും സുവിശേഷവത്കരണ ദൗത്യത്തിനു തടസ്സമാണ്. സഭാത്മകവിശ്വാസത്തെയും അതിന്റെ തനിമയെയും കുറിച്ചുള്ള മതബോധനം നടക്കുന്നില്ല. അതുകൊണ്ട് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അപ്പസ്തോലിക സഭയ്ക്ക് സവിശേഷമായിട്ടുള്ള കാര്യങ്ങളെ വിലമതിക്കുന്നില്ല. അപ്പസ്തോലിക പാരമ്പര്യം മറന്നിട്ട് നമുക്കു സുവിശേഷവത്കരിക്കാൻ പറ്റുകയില്ല. വളർച്ച യെന്നത് ഘടനാപരവും സമഗ്രവുമായിരിക്കണം.

06. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളെ സംബന്ധിച്ച അജ്ഞത സുവിശേഷവത്കരണ ദൗത്യത്തിന് തടസ്സമാണ്. അതുപോലെ ക്രിസ്തുവിന്റെയും സഭയുടെയും അനന്യതയെക്കുറിച്ചുള്ള അജ്ഞതയും സുവിശേഷവത്കരണത്തിനു വിഘ്നമാണ്. ക്രിസ്തുവിന്റെയും അവിടുത്തെ സഭയുടെയും അതുല്യതയെ കുറച്ചുകാണിക്കാനുള്ള പ്രവണത ദൈവശാസ്ത്രജ്ഞന്മാരുടെയും മിഷനറിമാരുടെയും ഇടയിലുണ്ട്. അത് സുവിശേഷവത്കരണത്തിന്റെ അടിസ്ഥാനത്തെത്തന്നെ നിഷേധിക്കുന്നു.

07. ജനങ്ങൾക്ക് ശരിയായ വിശ്വാസപരിശീലനം നല്കാതിരിക്കുന്നത് സുവിശേഷവത്കരണ മേഖലയിൽ തടസ്സമാകുന്നുണ്ട്. നമ്മുടെ സമൂഹങ്ങളിൽ സഭാത്മകവും ആരാധനക്രമപരവുമായ പരിശീലനം ഒന്നുകിൽ അവഗണിക്കുന്നു അല്ലെങ്കിൽ ഉപേക്ഷിക്കുന്നു. അതുപോലെ നമ്മുടെ ജനതയ്ക്ക് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തെ സംബന്ധിച്ച വികാരം പകർന്നു നൽകാൻ കാര്യമായി ശ്രദ്ധിക്കുന്നില്ല. തങ്ങളുടെ ചരിത്രം അറിയുന്ന ജനം തങ്ങളുടെ സമൂഹത്തെ സ്നേഹിക്കുകയും അതിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യും. ഒരു ജനതയുടെ ജീവിതത്തിൽ അനുഭവപരമായ അറിവിനു പ്രാധാന്യമുണ്ട്.

> **ക്രിസ്തുവിന്റെയും അവിടുത്തെ സഭയുടെയും അതുല്യതയെ കുറച്ചുകാണിക്കാനുള്ള പ്രവണത ദൈവശാസ്ത്രജ്ഞന്മാരുടെയും മിഷനറിമാരുടെയും ഇടയിലുണ്ട്. അത് സുവിശേഷവത്കരണത്തിന്റെ അടിസ്ഥാനത്തെത്തന്നെ നിഷേധിക്കുന്നു.**

ഒരുവന്റെ സഭാത്മകവിശ്വാസം അനുഭവിച്ചറിയുവാനും പ്രകാശിപ്പിക്കാനുമുള്ള സാഹചര്യമാണ് കുർബാനയാഘോഷം. കുർബാന സഭയെ സൃഷ്ടിക്കുന്നു. സുവിശേഷവത്കരണ ദൗത്യം നിർവഹിക്കാൻ കുർബാനയാഘോഷം സമൂഹത്തോട് ആവശ്യപ്പെടുകയും അതിനായി ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

നമ്മുടെ മതബോധനത്തിൽ നാം പ്രധാനമായി ബൗദ്ധികസമീപനമാണ് പിന്തുടരുന്നത്. ബുദ്ധിയോടാണ് സംസാരിക്കുന്നത്. അത് സുപ്രധാനമാണ്, സാരാംശപരവുമാണ്; എന്നാലും ബൗദ്ധികസമീപനത്തോടുചേർന്ന് വിശ്വാസികളുടെ ഹൃദയത്തോടും സംസാരിക്കണം. അതിന് ആരാധനക്രമത്തിലധിഷ്ഠിതമായ മതബോധനം സമുചിതമാണ്; ഫലദായകവുമാണ്. നിർഭാഗ്യവശാൽ അനേകർ ആരാധനക്രമത്തോടും അതിനെ സംബന്ധിച്ച ചർച്ചകളോടും അലർജിയുള്ളവരായിരിക്കുന്നു. നമ്മുടെ ആരാധനാപരമായ ആഘോഷം ക്രിസ്തുരഹസ്യത്തോടും രക്ഷാചരിത്രത്തോടും ബന്ധപ്പെടാൻ ആളുകൾക്ക് അവസരം നൽകുന്നു. ക്രിസ്തുരഹസ്യവും രക്ഷാകരചരിത്രവുമാണ് സുവിശേഷവത്കരണത്തിന്റെ സാരാംശം. അതുകൊണ്ട് ആരാധനക്രമാധിഷ്ഠിതമായ മതബോധനത്തിന് ഊന്നൽ നൽകുക ആവശ്യമാണ്. വിശ്വാസികൾക്ക് ക്രിസ്തുശാസ്ത്രപരവും സഭാത്മകവുമായ കാര്യങ്ങളിൽ സുസ്ഥിരമായ താത്പര്യവും സ്ഥിരമായ വളർച്ചയും ഉണ്ടാകുന്നതിനു വേണ്ടിയാണത്.

08. മിഷൻ രംഗങ്ങളിൽ പ്രവർത്തിക്കാനുള്ള മിഷനറിമാരുടെ വർദ്ധമാനമായ അഭാവം സുവിശേഷവത്കരണ ദൗത്യനുണ്ടാകുന്ന മറ്റൊരു തടസ്സമാണ്. ആഗോളവ്യാപകമായി സന്യസ്ത ജീവിതത്തിലേയ്ക്കുള്ള വിളികൾ കുറയുന്നുണ്ട്. സീറോ മലബാർ സഭയുടെ സ്വന്തം സംസ്ഥാനത്ത് ഇത് രൂക്ഷമാണ്. സന്യസ്തജീവിതത്തിലേയ്ക്കുള്ള വിളികൾ പെട്ടെന്ന് കുറയുകയാണ്. അതിനും പുറമേ സെമിനാരികളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ വിവേചനം കാണിക്കുന്നുമുണ്ട്. ദൈവവിളി ക്യാമ്പുകളിൽ വൈദികത്വത്തിലേയ്ക്കുള്ള അർത്ഥികളെ തിരഞ്ഞെടുക്കുന്നത് നിലവാരം അനുസരിച്ചാണ്. സീറോ മലബാർ മിഷൻ രണ്ടാം തരമാണെന്ന തോന്നൽ അത് ഉണർത്തുന്നു. സുവിശേഷ പ്രവർത്തനത്തിനു വേണ്ടി സന്യാസസഭകളിൽ ചേരുന്ന യുവതീയുവാക്കളെ ഇടവകവികാരിമാർ നിരുത്സാഹപ്പെടുത്തുന്നുണ്ട്.

09. മിഷൻ പ്രവർത്തനരംഗത്ത് യേശുക്രിസ്തുവിന്റെ ദൗത്യം ഉപരിതലത്തിൽ നിർവഹിക്കാൻ മിഷനറിമാർ പോകണം. അവരെ ശക്തിപ്പെടുത്താൻ വൈദികനേതൃത്വത്തിന്റെ അഭാവമുണ്ട്. മിഷനറിമാർ പല കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്നു. അവർ യഥാർത്ഥ സുവിശേഷവത്കരണപ്രവർത്തനത്തിനു സമയമില്ലാത്തവരായിരിക്കുന്നു.

10. സുവിശേഷവത്കരണദൗത്യത്തിൽ സുവിശേഷവത്കരണത്തിന്റെ സ്ഥാപനവത്കരണം മറ്റൊരു തടസ്സമാണ്. പ്രവർത്തനരംഗത്ത് ചലനമില്ല. എല്ലാ വിദഗ്ദ്ധരും സ്ഥാപനങ്ങളിൽ മുങ്ങിക്കിടക്കുകയാണ്. സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനല്ലാതെ മറ്റൊന്നിനും സമയമില്ല. അവർക്ക് അത്രമാത്രം ജോലിഭാരമുണ്ട്. പ്രേഷിതസമൂഹം നിശ്ചലമാകുകയാണ്. സുവിശേഷവത്കരണത്തിനുള്ള ഒരു ചലനവും ഉള്ളതായി തോന്നുന്നില്ല.

11. ആഗോളപരമായിരിക്കുകയെന്നതിന്റെ പേരിൽ മിഷനറിമാർ നാട്ടിൽനിന്നും നാട്ടുഭാഷയിൽനിന്നും അകന്നുകൊണ്ടിരിക്കുന്നു. "ജനങ്ങളോടൊപ്പം മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക്" എന്നത് വിസ്മരിക്കപ്പെട്ട പഴഞ്ചൻ മുദ്രാവാക്യമായിരിക്കുന്നു. ആഗോള പ്രാധാന്യത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലിൽ സമൂഹത്തിന്റെ സാഹചര്യവും അതിന്റെ അത്യാവശ്യങ്ങളും പരിഗണിക്കുന്നില്ല. പൊതുവേ ജനങ്ങളുമായി സംവാദം നടക്കുന്നില്ല. മിഷനറിമാർ പരുക്കന്മാരായിരിക്കുന്നു. ഈ പ്രക്രിയയിൽ ജനങ്ങൾക്കു പ്രാധാന്യമില്ലാതാകുന്നു. ജനങ്ങളുടെ ജീവിതത്തിൽ സുവിശേഷത്തിന്റെ സമഗ്രപരിവർത്തനാത്മകശക്തിയെ മൂലധനമാക്കാൻ ആഗോളവത്കരണത്തിന്റെ ദിശാസന്ധിയിൽ സുവിശേഷവത്കരണദൗത്യത്തിനു കഴിയുന്നില്ല.

(തുടരും)

"സാക്ഷികളാകുവിൻ" മിഷൻ പഠനങ്ങൾ
റവ.ഡോ.പോളച്ചൻ കോച്ചാപ്പിള്ളി CMI യുടെ
ലേഖനത്തിൽ നിന്ന്

# പെഷവാറിലെ ക്രിസ്ത്യൻ പള്ളിയിൽ കുർബാനയ്ക്കിടെ ഇരട്ട സ്ഫോടനം: ഒട്ടേറെ മരണം, നിരവധി പേർക്ക് പരിക്ക്

പെഷവാർ: പാക്കിസ്ഥാനിൽ ക്രൈസ്തവ ദേവാലയത്തിനു നേരേയുണ്ടായ ഇരട്ട ചാവേറാക്രമണത്തിൽ സ്ത്രീകളും കുട്ടികളുമടക്കം ഒട്ടേറെപേർ മരണമടഞ്ഞു. പെഷവാർ നഗരത്തിലെ കൊഹാതി ഗേറ്റ് മേഖലയിലെ ചരിത്രപ്രസിദ്ധമായ ഓൾ സെയിന്റ്സ് പള്ളിക്കുനേരേയായിരുന്നു ആക്രമണം. 200-ലധികംപേർക്കു പരിക്കേറ്റു.

ഞായറാഴ്ച പ്രാർഥനയ്ക്കെത്തിയ വിശ്വാസികളെ ലക്ഷ്യമാക്കിയാണു ചാവേറുകൾ സ്ഫോടനം ആസൂത്രണം ചെയ്തതെന്നു സിറ്റി പോലീസ് കമ്മീഷണർ സാഹിബ്സാദ മുഹമ്മദ് അനിസ് പറഞ്ഞു. സ്ഫോടനം നടക്കുമ്പോൾ പള്ളിയിൽ 600-നും 700-നുമിടയിൽ ആളുകളുണ്ടായിരുന്നു. തിരക്കേറിയ വ്യാപാരകേന്ദ്രത്തോടു ചേർന്നുള്ള പള്ളിയുടെ പരിസരത്തും വൻജനക്കൂട്ടമുണ്ടായിരുന്നു.

ആക്രമണത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല. തീവ്ര ഇസ്ലാമിക സംഘടനകളാണ് ആക്രമണത്തിനു പിന്നിലെന്നാണു പ്രാഥമിക നിഗമനം. സ്ഫോടനത്തിന്റെ ശക്തിയിൽ പള്ളിയുടെ സമീപത്തെ കെട്ടിട



ങ്ങളും തകർന്നു. മരിച്ച കുട്ടികളിൽ നാലു പേർ മൂന്നിനും എട്ടിനും ഇടയിൽ പ്രായമുള്ളവരാണ്. ഒരു മുസ്ലിം പോലീസ് ഓഫീസറും കൊല്ലപ്പെട്ടു.

രണ്ടു ചാവേറുകളാണ് ആക്രമണത്തിനെത്തിയതെന്ന് ബോംബ് നിർവീര്യമാക്കുന്ന സംഘത്തിന്റെ തലവൻ ഷഫാത് മുഹമ്മദ് പറ



ഞ്ഞു. രണ്ടു ചാവേറുകളുടെയും ശരീരത്തിൽ ആറു കിലോഗ്രാമിലധികം വീതം സ്ഫോടക വസ്തുക്കളുണ്ടായിരുന്നു. ആദ്യസ്ഫോടനത്തെക്കാൾ ശക്തിയുള്ളതായിരുന്നു രണ്ടാമത്തെ സ്ഫോടനം. പള്ളിക്കു സമീപം ശരീ രാവശിഷ്ടങ്ങളും വസ്ത്രങ്ങളും ചെരുപ്പുകളും ചിതറിക്കിടക്കുകയാണെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. പരിക്കേറ്റ ഭൂരിഭാഗം ആളുകളെയും പ്രവേശിപ്പിച്ച ലേഡി റീഡിംഗ് ആശുപത്രിക്കു മുന്നിലേക്കു രോഷാകുലരായ ക്രൈസ്തവ വിശ്വാസികൾ പ്രകടനം നടത്തി. മൃതദേഹങ്ങളുമായി സമീപത്തെ ജിടി റോഡ് ഉപരോധിക്കുകയും ചെയ്തു. പാക്കിസ്ഥാന്റെ ചരിത്രത്തിൽ ക്രൈസ്തവ സമൂഹത്തിനു നേരേ നടക്കുന്ന ഏറ്റവും രൂക്ഷമായ ആക്രമണമായിരുന്നു പെഷവാറിലേത്.

ഷിയാ, അഹമ്മദി വിഭാഗങ്ങൾക്കുനേരെ നിരന്തരം ആക്രമണം നടക്കാറുണ്ടായിരുന്നെങ്കിലും ക്രൈസ്തവ സമൂഹത്തിനുനേരെ ഇത്ര രൂക്ഷമായ ആക്രമണം മുമ്പ് ഉണ്ടായിട്ടില്ല.

തീവ്ര ഇസ്ലാമിക സംഘടനകളിൽ നിന്ന് ക്രൈസ്തവരടക്കമുളള ന്യൂനപക്ഷങ്ങൾക്കു കുറച്ചുനാളായി പാക്കിസ്ഥാനിൽ ഭീഷണിയുണ്ടായിരുന്നു. വിവാദമായ മതനിന്ദാനിയമത്തിന്റെ പേരിൽ ക്രൈസ്തവരെ പലപ്പോഴും അധികൃതർ പീഡിപ്പിക്കാറുമുമുണ്ടായിരുന്നു. കഴിഞ്ഞ മാർച്ചിൽ ലാഹോറിലെ ക്രൈസ്തവ കോളനിയിൽ ആക്രമണം നടത്തിയിരുന്നു.

ആക്രമണത്തെ പാക്കിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫ് അപലപിച്ചു. നിരപരാധികൾക്കെതിരായ ആക്രമണം ഇസ്ലാം മൂല്യങ്ങൾക്കെതിരാണെന്നും ന്യൂനപക്ഷങ്ങൾക്കൊപ്പം ഭരണകൂടം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ജൂണിൽ നവാസ് ഷെരീഫ് പ്രധാനമന്ത്രിയായി അധികാരമേറ്റെടുത്തതിനുശേഷം രാജ്യത്തുണ്ടായ ഏറ്റവും വലിയ ആക്രമണമാണമായിരുന്നു പെഷവാറിലേത്.

## പത്തു വർഷത്തിനിടയിൽ കലാപങ്ങളിൽ മരിച്ചവർ 2500

ഡൽഹി: കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന കലാപങ്ങളിൽ മരിച്ചവരുടെ എണ്ണം 2500-ഓളമെന്നു കേന്ദ്ര ആഭ്യന്തരവകുപ്പ്. ഇക്കാലയളവിൽ കലാപങ്ങളിൽ പരിക്കേറ്റവരുടെ എണ്ണം 28,000 കവിയുമെന്നും മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

8473 കലാപങ്ങളാണു 2002 മുതൽ രാജ്യത്ത് അരങ്ങേറിയത്. ഈ വർഷം ഇതുവരെ 107 പേർക്കു കലാപങ്ങളെത്തുടർന്നുള്ള അക്രമ



ങ്ങളിൽ ജീവഹാനി സംഭവിക്കുകയും 1697 പേർക്കു പരിക്കേൽക്കുകയും ചെയ്തു. മുസാഫർ നഗറിൽ ഉൾപ്പെടെ സെപ്റ്റംബർ 15 വരെ 479 കലാപങ്ങൾ രാജ്യത്തുണ്ടായി.

കഴിഞ്ഞ വർഷം വിവിധ സംഘർഷങ്ങളിൽ 94 പേർ മരിച്ചപ്പോൾ 3117 പേർക്കു പരിക്കേറ്റു. പത്തുവർഷത്തിനുള്ളിൽ കലാപങ്ങളിൽ ഏറ്റവും അധികം പേർ മരിച്ചത് 2002 ലായിരുന്നു. 2002 ൽ ഗുജറാത്തിൽ നടന്ന വർഗീയ ലഹളയിൽ 1130 പേർ മരിക്കുകയും 4375 പേർക്കു പരിക്കേൽക്കുകയും ചെയ്തു.

# ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യം: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കോട്ടയം: പാക്കിസ്ഥാനിലെ പെഷവാർ നഗരത്തിലെ കൊഹാതി ഗെയ്റ്റിലുള്ള ചരിത്രപ്രസിദ്ധമായ ഓൾ സെയിന്റ്സ് ദൈവാലയത്തിൽ ദിവ്യബലിയിൽ പ്രാർത്ഥനാനിരതരായിരുന്ന വിശ്വാസസമൂഹത്തിനു നേരെയുണ്ടായ പൈശാചികമായ ചാവേറാക്രമണം അപലപനീയമാണെന്നും ദുഃഖാർത്തരായ ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

മനുഷ്യജീവന് വിലകല്പിക്കാതെ ഭീകരപ്രസ്ഥാനങ്ങൾ ലോകത്തെ കീഴടക്കുവാൻ ശ്രമിക്കുകയാണ്. ദമാസ്ക്കസിൽ രണ്ടു ക്രൈസ്തവ മിഷനറിമാരെ മതതീവ്രവാദികൾ പരസ്യമായി കഴുത്തറുത്തുകൊന്നിട്ട് അധിക നാളുകളായില്ല. പാക്കിസ്ഥാനിലെ ക്രൈസ്തവ ന്യൂനപക്ഷം നിരന്തരമായ ഭീഷണിയിലും വിശ്വാസത്തിന് സാക്ഷികളാവുകയാണ്. ഭീകരവാദത്തിന്റെ വേരുകൾ ഇന്ത്യയിലും ഉറപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് നാം തിരിച്ചറിയണം. ഇതിനെതിരെ മനുഷ്യമനഃസാക്ഷി ഉണരണമെന്നും മതമൈത്രി ഊട്ടിയുറപ്പിച്ച് സമാധാനത്തിന്റെ സന്ദേശവാഹകരാകുവാൻ പൊതുസമൂഹം മുന്നോട്ടുവരണമെന്നും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി.സെബാസ്റ്റ്യൻ അഭ്യർത്ഥിച്ചു.

LAITY VOICE

ക്രൈസ്തവ വിശ്വാസപ്രഖ്യാപനം

അദ്ധ്യായം 3

16

# “പരിശുദ്ധാത്മാവിൽ ഞാൻ വിശ്വസിക്കുന്നു”



കഴിഞ്ഞ ലക്കം തുടർച്ച.......

**“പരിശുദ്ധാത്മാവിൽ ഞാൻ വിശ്വസിക്കുന്നു” എന്ന് ഏറ്റുപറയുമ്പോൾ സഭ എന്താണ് അർത്ഥമാക്കുന്നത്?**

പരിശുദ്ധാത്മാവിൽ വിശ്വസിക്കുകയെന്നാൽ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളെ ഏറ്റുപറയുക എന്നാണ്. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന ഈ ആൾ “പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു”. ദൈവമക്കളുടെ പുതിയ ജീവൻ പ്രാപിക്കുവാനായി പരിശുദ്ധാത്മാവിനെ “നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് അയച്ചിരിക്കുന്നു” (ഗലാ.4:6).

**പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൗത്യം എന്തുകൊണ്ട് വേർതിരിക്കാനാവില്ല?**

അവിഭാജ്യമായ പരിശുദ്ധ ത്രിത്വത്തിൽ പുത്രനും പരിശുദ്ധാത്മാവും വ്യത്യസ്തരായ ആളുകളെങ്കിലും വേർപിരിയാൻ പാടില്ലാത്തവരാണ്. ആദിമുതൽ അന്ത്യംവരെ, പിതാവ് പുത്രനെ അയയ്ക്കുമ്പോൾ അവന്റെ ആത്മാവിനെയും അയയ്ക്കുന്നു. പരിശുദ്ധാത്മാവ് നമ്മെ വിശ്വാസത്തിൽ ക്രിസ്തുവുമായി ഒന്നിപ്പിക്കുന്നു. അങ്ങനെ ദത്തുപുത്രരെന്ന നിലയിൽ ദൈവത്തെ “പിതാവേ” (റോമ.8:15) എന്നു വിളിക്കാൻ നമുക്കു സാധിക്കുന്നു. പരിശുദ്ധാത്മാവ് അദൃശ്യനാണ്; എന്നാൽ, പരിശുദ്ധാത്മാവ് നമുക്ക് വചനത്തെ വെളിപ്പെടുത്തുകയും സഭയിൽ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അവന്റെ പ്രവർത്തനത്തിലൂടെ നാം അവിടുത്തെ തിരിച്ചറിയുന്നു.

**പരിശുദ്ധാത്മാവിന്റെ പേരുകൾ ഏവ?**

പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളിന്റെ സംജ്ഞാനാമം “പരിശുദ്ധാത്മാവ്” എന്നാണ്. പാറക്ലേത്താ (ആശ്വാസദായകൻ, അഭിഭാഷകൻ), സത്യത്തിന്റെ ആത്മാവ് എന്നിങ്ങനെ യേശു ഈ ആളെ വിളിക്കുന്നു. പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ ആത്മാവ്, കർത്താവിന്റെ ആത്മാവ്, ദൈവത്തിന്റെ ആത്മാവ്, മഹത്വത്തിന്റെ അത്മാവ്, വാഗ്ദാനത്തിന്റെ ആത്മാവ്-എന്നിങ്ങനെയും പരിശുദ്ധാത്മാവ് വിളിക്കപ്പെടുന്നു.

**പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്ന പ്രതീകങ്ങൾ ഏവ?**

പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്ന നിരവധി പ്രതീകങ്ങൾ ഉപയോഗിക്കുന്നു: യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകുന്നതും മാമ്മോദീസ സ്വീകരിച്ചവരുടെ ദാഹം ശമിപ്പിക്കുന്നതുമായ ജീവജലം, സൈ്ഥര്യലേപനത്തിന്റെ കൗദാശികാടയാളമായ പരിശുദ്ധ തൈലംകൊണ്ടുള്ള അഭിഷേകം, തൊടുന്നതെല്ലാം രൂപാന്തരപ്പെടുത്തുന്ന അഗ്നി, ദൈവമഹത്വം വെളിപ്പെടുത്തുന്ന ഇരുണ്ടതോ പ്രകാശമാനമോ ആയ മേഘം, പരിശുദ്ധാത്മാവ് നൽകപ്പെടുന്ന കൈവയ്പ്, മാമ്മോദീസാ വേളയിൽ യേശുവിന്റെ മേൽ പറന്നിറങ്ങുകയും അവനിൽ വസിക്കുകയും ചെയ്ത പ്രാവ്.

**പരിശുദ്ധാത്മാവ് പ്രവാചകനിലൂടെ സംസാരിച്ചു എന്നതിന്റെ അർത്ഥമെന്ത്?**

പ്രവാചകർ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവനാമത്തിൽ സംസാരിക്കാൻ പരിശുദ്ധാത്മാവിനാൽ നിവേശിതരായവർ എന്നാണ്. ആത്മാവ് പഴയനിയമപ്രവചനങ്ങളെ ക്രിസ്തുവിലുള്ള അവയുടെ പൂർത്തീകരണത്തിലേയ്ക്കു നയിക്കുന്നു; പുതിയ നിയമത്തിൽ ക്രിസ്തുരഹസ്യം അനാവരണം ചെയ്യുന്നു.

**സ്നാപക യോഹന്നാനിൽ പരിശുദ്ധാത്മാവ് എന്ത് പൂർത്തിയാക്കുന്നു?**

പഴയനിയമത്തിലെ അവസാന പ്രവാചകനായ സ്നാപകയോഹന്നാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു. ആത്മാവിന്റെ പ്രവർത്തനത്താൽ “സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനായി ഒരുക്കാൻ” (ലൂക്കാ.1:17)അവൻ അയയ്ക്കപ്പെട്ടു; ആത്മാവ് ഇറങ്ങി വസിക്കുന്നതായി കാണപ്പെട്ടവനും “പരിശുദ്ധാത്മാവിനാൽ സ്നാനം നൽകുന്നവനുമായ” (യോഹ.1:33) ദൈവപുത്രനായ ക്രിസ്തുവിന്റെ വരവ് അറിയിക്കാനായി അവൻ അയയ്ക്കപ്പെട്ടു.

**മറിയത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്ത്?**

ക്രിസ്തുവിന്റെ വരവിനുള്ള പഴയനിയമകാത്തിരിപ്പിനെയും ഒരുക്കത്തെയും പരിശുദ്ധാത്മാവ് മറിയത്തിൽ പരിപൂർത്തിയിലേയ്ക്ക് നയിച്ചു. മനുഷ്യനായിത്തീർന്ന ദൈവപുത്രന് ജന്മം നൽകാൻ അനന്യമായ വിധം അവളെ ദൈവകൃപകൊണ്ട് നിറയ്ക്കുകയും അവളുടെ കന്യാത്വം ഫലദായകമാക്കുകയും ചെയ്തു. അവൾ “സമ്പൂർണ്ണ ക്രിസ്തു”വിന്റെയും-അതായത് ശിരസായ ക്രിസ്തുവിന്റെയും ശരീരമായ

പരിശുദ്ധാത്മാവിനെ അവതരിപ്പിക്കുന്ന നിരവധി പ്രതീകങ്ങൾ ഉപയോഗിക്കുന്നു: യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകുന്നതും മാമ്മോദീസ സ്വീകരിച്ചവരുടെ ദാഹം ശമിപ്പിക്കുന്നതുമായ ജീവജലം, സൈ്ഥര്യലേപനത്തിന്റെ കൗദാശികാടയാളമായ പരിശുദ്ധ തൈലംകൊണ്ടുള്ള അഭിഷേകം, തൊടുന്നതെല്ലാം രൂപാന്തരപ്പെടുത്തുന്ന അഗ്നി, ദൈവമഹത്വം വെളിപ്പെടുത്തുന്ന ഇരുണ്ടതോ പ്രകാശമാനമോ ആയ മേഘം, പരിശുദ്ധാത്മാവ് നൽകപ്പെടുന്ന കൈവയ്പ്, മാമ്മോദീസാ വേളയിൽ യേശുവിന്റെ മേൽ പറന്നിറങ്ങുകയും അവനിൽ വസിക്കുകയും ചെയ്ത പ്രാവ്.

സഭയുടെയും-മാതാവായി, പെന്തക്കുസ്താദിനത്തിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ മദ്ധ്യേ മറിയവും സന്നിഹിതയായിരുന്നു. അന്ന് സഭയുടെ വെളിപ്പെടലോടെ, “അവസാന നാളുകൾ” പരിശുദ്ധാത്മാവ് ഉദ്ഘാടനം ചെയ്തു.

**ക്രിസ്തുവിന്റെ ഭൗമികദൗത്യത്തിൽ പരിശുദ്ധാത്മാവും യേശുക്രിസ്തുവും തമ്മിലുള്ള ബന്ധമെന്ത്?**

പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ദൈവപുത്രൻ മനുഷ്യാവതാരം മുതൽ തന്റെ മനുഷ്യത്വത്തിൽ മിശിഹായായി അഭിഷിക്തനാണ്. മിശിഹാ പരിശുദ്ധാത്മാവിനെ തന്റെ പ്രബോധനത്തിലും പിതാക്കന്മാരോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിലും വെളിപ്പെടുത്തി. ഉത്ഥാനാനന്തരം ശ്ലീഹന്മാരുടെമേൽ നിശ്വസിച്ചുകൊണ്ട് സംജാതമാകുന്ന സഭയ്ക്കു പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്തു.

(തുടരും)

Pastoral Centre, P.B.No 22, Kanjirapally-686 007, Kottayam Dt. Kerala, India
Ph: +91 4828 203080, 9447355512
Chief Editor: Adv. V. C. Sebastian
e-mail: laityvoice@gmail.com
Private circulation